# Learning Outcomes – based Curriculum Framework
# LOCF for Post-graduate Programme.



**പ്രോഗ്രാമിന്റെ പേര്**

**എം എ(സി എസ് എസ്) മലയാളസാഹിത്യം-കേരളപഠനം-മാധ്യമപഠനം.**

**MA(CSS)MALAYALAM LITERATURE KERLALSTUDIES AND MEDIASTUDIES.**

**UNIVERSITY OF KERALA**

**കേരളപഠനവിഭാഗം**

DEPARTMENT OF KERALASTUDIES

**2020**

## PREAMBLE

**The role of higher education is vital in securing the gainful employment and providing further access to higher education comparable to the best available in the world-class institutions elsewhere. The improvement in the quality of higher education ,therefore, deserves to be given tom-most priority to enable the young generation ofstudents to acquire skill, training and knowledge to enhance their thinking,comprehension and application abilities and prepare them to compete, succeed andexcel globally. Sustained initiatives are required to reform the present higher education system for improving and upgrading the academic resources and learning environments by raising the quality of teaching and standards of achievements in learning outcomes across all undergraduate programs in science, humanities, commerce and professional streams of higher education.**

**One of the significant reforms in the undergraduate education is to introduce the Learning Outcomes-based Curriculum Framework (LOCF) which makes it student-centric, interactive and outcome-oriented with well-defined aims, objectives and goals to achieve. The University Grants Commission (UGC) took the initiative of implementing the LOCF in the Colleges and the Universities of the country.**

**Accordingly, the University of Kerala has decided to implement the LOCF in all its departments under the auspices of Internal Quality Assurance Cell (IQAC). A series of teacher training workshops were organised by IQAC and the office of the Credit and Semester System (CSS), and the departments have revised the syllabus accordingly, through workshops and in consultation with academic experts in the field.**

# GRADUATE ATTRIBUTES (GAs)

**The Graduate Attributes (GAs) reflect particular qualities and abilities of an individual learner including knowledge, application of knowledge, professional and life skills, attitudes and human values that are required to be acquired by the graduates of University of Kerala. The graduate attributes include capabilities to strengthen one’s professional abilities for widening current knowledge and industry-ready skills, undertaking future studies for global and local application, performing creatively and professionally, in a chosen career and ultimately playing a constructive role as a socially responsible global citizen. The Graduate Attributes define the characteristics of learners and describe a set of competencies that are beyond the study of a particular area and programme.**

## The GAs of University of Kerala

- **Continue life-long learning as an autonomous learner**

- **Continuously strive for excellence in education**
- **Apply and nurture critical and creative thinking**
- **Promote sustainable development practices**
- **Promote co-operation over competition**
- **Balance rights with responsibilities**
- **Understand and respect diversity & difference**
- **Not be prejudiced by gender, age, caste, religion, or nationality.**
- **Use education as a tool for emancipation and empowerment of humanity**

കേരളസർവകലാശാല

UNIVERSITY OF KERALA

# Learning Outcomes-based Curriculum Framework (LOCF) for Post-graduate Programme

കേരളപഠനവിഭാഗം

DEPARTMENT OF KERALASTUDIES

എം എ(സി എസ് എസ്) മലയാളസാഹിത്യ-കേരളപഠനം-മാധ്യമപഠനം.

MA(CSS)MALAYALAM LITERATURE KERLALSTUDIES AND MEDIASTUDIES.

സിലബസ് 2020

SYLLABUS ADMISSION 2020

# പ്രോഗ്രാമിന്റെ പഠനപ്രയോജനങ്ങൾ
# Programme Specific Outcomes (PSO)

**1. മലയാളസാഹിത്യം കേരളസാംസ്കാരികപശ്ചാത്തലത്തിൽ പഠിക്കുക.**

**2. കാലഘട്ടം സാഹിത്യത്തിലും മലയാളീബോധത്തിലും വരുത്തുന്ന മാറ്റങ്ങൾ പഠിക്കുക.**

**3. കേരളത്തിന്റെ സാംസ്കാരികവും സാമൂഹികവുമായ പരിണാമങ്ങൾ പഠിക്കുക.**

**4.** കേരളീയജീവിത**ത്തി**ന്റെ **വിവിധ കാലഘട്ടങ്ങളിലെ വളർച്ച പഠിക്കുക.**

**5.മലയാളമാധ്യമത്തിന്റെ വികസനചരിത്രം പഠിക്കുക.**

**6.മാധ്യമങ്ങളുടെ പ്രായോഗികവശം പഠിക്കുക.**

**7.ഭാഷയും സാഹിത്യവും മാധ്യമങ്ങളും മലയാളീബോധത്തെ എത്രമാത്രം സ്വാധീനിക്കുന്നു എന്നു പഠിക്കുക.**

## എം എ പ്രോഗ്രാം ഘടന (Structure of M A Programme)

| സെമസ്റ്റർ | കോഴ്സ് കോഡ് | കോഴ്സിന്റെ പേര് | ക്രഡിറ്റ് |
|---|---|---|---|
| 1. | DKS-CC-411 | പ്രാചീന സാഹിത്യം | 3 |
| | DKS-CC-412 | മലയാളസാഹിത്യം മധ്യഘട്ടം | 4 |
| | DKS-CC-413 | മലയാളവ്യാകരണം | 4 |
| | DKS-CC-414 | കേരളപഠനം കോഴ്സ് ഒന്ന് | 3 |
| | DKS-DE-415 | വിവർത്തനപഠനം | 2 |
| 2. | DKS-CC-421 | മലയാളകഥാസാഹിത്യം | 4 |
| | DKS-CC-422 | ഭാഷാശാസ്ത്രം | 3 |
| | DKS-CC-423 | കേരളപഠനം കോഴ്സ് രണ്ട് | 3 |
| | DKS-CC-424 | ഭാരതീയകാവ്യമീമാംസ | 3 |
| 3. | DKS-CC-431 | മലയാളകവിത | 3 |
| | DKS-CC-432 | മാധ്യമചരിത്രം | 4 |
| | DKS-CC-433 | പാശ്ചാത്യകാവ്യമീമാംസ | 3 |
| | DKS-CC-434 | മലയാളനിരൂപണം | 4 |
| 4. | DKS-CC-441 | മലയാളനാടകം | 4 |
| | DKS-CC-442 | മാധ്യമം:പ്രയോഗതലം | 4 |
| | DKS-DE-443 | ഭാഷാഘടനയും ദാർശനികാവബോധങ്ങളും. | 2 |
| | DKS-CC-443 | പ്രബന്ധം/പ്രായോഗികപരിശീലനം | 4 |

## സെമസ്റ്റർ : 1
## കോഴ്സ് : DKS-C-411
## കോഴ്സിന്റെ പേര്: പ്രാചീനസാഹിത്യം
## ക്രഡിറ്റ്: 4

**കോഴ്സിന്റെ പഠനപ്രയോജനം (Course outcome)**

**സി.ഒ.1.** മലയാളസാഹിത്യത്തിന്റെ പ്രാചീനഘട്ടസ്വഭാവം പഠിക്കുക.

**സി.ഒ.2.** സൌന്ദര്യബോധത്തിന്റെ പ്രാക്ഘടന പഠിക്കുക.

**സി ഒ 3.** സാഹിത്യത്തിന്റെ വാമൊഴി വരമൊഴി പാരമ്പര്യത്തിന്റെ ആദ്യഘട്ടം അക്കാലത്തിന്റെ സാംസ്കാരികചുറ്റുപാടുകളെ ഏതുരീതിയിൽ അത് പ്രതിഫലിപ്പിക്കുന്നു എന്നു പഠിക്കുക.

**മൊഡ്യൂൾ ഒന്ന്.**

സംഘകാലസാഹിത്യം- വാമൊഴിപ്പാട്ടുകൾ- വാമൊഴിപ്പാട്ടുകളുടെ വൈവിധ്യം- അവ പ്രതിഫലിപ്പിക്കുന്ന സാംസ്കാരിക പശ്ചാത്തലം- അവയുടെ ഭാഷാപരവും ഇതിവൃത്തപരവുമായ പരിണാമത്തിനുള്ള സാധ്യതകൾ-കഥാഗാനങ്ങൾ-സമുദായം, മതം, ദേശം എന്നിവയുമായി ബന്ധപ്പെടുന്ന പാട്ടുകൾ

1. തെക്കൻ പാട്ട്- ഇരവിക്കുട്ടിപ്പിള്ളപ്പോര്
2. ഇടനാടൻ പാട്ട്- ചെങ്ങന്നൂരാതി
3. വടക്കൻ പാട്ട്- പുത്തരിയങ്കം

**മൊഡ്യൂൾ രണ്ട്.**

വരമൊഴിയുടെ ആദ്യഘട്ടം- വ്യത്യസ്തമായ സാഹിത്യരൂപങ്ങൾ- കവിതയുടെ പ്രാരംഭഘട്ടത്തിന്റെ സ്വഭാവം- ഭാഷാപരവും ഇതിവൃത്തപരവുമായി കാണുന്ന വ്യത്യസ്തതകൾ-അവയുടെ സാംസ്കാരികപരിസരം.

1. രാമചരിതം- 101 മുതൽ 105 വരെയുള്ള പടലങ്ങൾ
2. ഉണ്ണിച്ചിരുതേവീ ചരിതം

**മൊഡ്യൂൾ മൂന്ന്**

പ്രാചീനഘട്ടത്തിൽ നിന്നും വരമൊഴിയിൽ വന്ന മാറ്റം. മണിപ്രവാളത്തിലും പാട്ടിലും വന്ന വ്യതിയാനങ്ങൾ- മാറ്റങ്ങളുടെ പ്രതിഫലനം തിരിച്ചറിയുന്ന ഭാഷ, ഇതിവൃത്തം എന്നിവയുടെ വിശകലനം- ഇവയുടെ സാംസ്കാരികപരിസരം.

1.കണ്ണശ്ശരാമായണം സുന്ദരകാണ്ഡം

2.ഉണ്ണുനീലിസന്ദേശം പൂർവസന്ദേശത്തിലെ ആദ്യ 30 ശ്ലോകങ്ങൾ

3.ഭാഷാനൈഷധം ചമ്പു- ആദ്യത്തെ ഗദ്യം വരെയുള്ള ഭാഗം.

**മൊഡ്യൂൾ നാല്.**

ഗദ്യസാഹിത്യത്തിന്റെ പ്രാരംഭഘട്ടം-ഐതിഹ്യം-നാടോടിക്കഥകൾ-പുരാവൃത്തങ്ങൾ-ഗദ്യത്തിന്റെ ആദ്യഘട്ടം-ശാസനഭാഷ-യാത്രാവിവരണങ്ങളുടെ ആദ്യഘട്ടം- ഇവയുടെ ഭാഷാപരവും സാംസ്കാരികവുമായ പശ്ചാത്തലം.

1.നാടോടിക്കഥ-കോന്തനും കുറുക്കനും(കേരളഫോക് ലോർ)

2.ബ്രഹ്മാണ്ഡപുരാണം- ആദ്യത്തെ 3 കഥകൾ

3.വിശുദ്ധനാട്ടിൽ- ഊർശ്ലേം യാത്രാവിവരണം.

**മൊഡ്യൂൾ അഞ്ച്.**

മലയാളിയുടെ ദൃശ്യബോധവും സാഹിത്യബോധവും ചേർന്നുപോകുന്ന ആദ്യഘട്ടം-നാടൻ കലാരൂപങ്ങൾ-കാക്കാരിശ്ശി നാടകം-പൊറാട്ട് നാടകം- മുടിയേറ്റ്-പടയണി മാർഗ്ഗംകളി- ഒപ്പന-തിരുവാതിര തുടങ്ങിയ ദൃശ്യകലകളുടെ സവിശേഷതകൾ.

1.ശിവനാരദസംവാദം-മുടിയേറ്റ്(സമ്പാ. സി.ആർ.രാജഗോപാലൻ)

2.ഒപ്പനപ്പാട്ട്-ആദ്യത്തെ 1 പാട്ട്( സമ്പാ. വി.എം.കുട്ടി)

3.മാർഗ്ഗം കളിപ്പാട്ട്- ആദ്യത്തെ  പാട്ട്( സമ്പാ.ജേക്കബ് വെള്ളിയാൽ)

**മൊഡ്യൂൾ ആറ്**

മലയാളിയുടെ ക്ലാസിക്കലും ജനപ്രിയവുമായ ദൃശ്യകലാബോധത്തിന്റെ ആദ്യകാലങ്ങൾ. കൂത്ത്,പാഠകം,തുള്ളൽ,കഥകളി തുടങ്ങിയ ദൃശ്യകലകളുടെ സൌന്ദര്യതലവും സാംസ്കാരികതലവും പരിചയപ്പെടുക.

1.കല്യാണസൌഗന്ധികം തുള്ളൽ

2.നിവാതകവചകാലകേയവധം ആട്ടക്കഥ.

സഹായഗ്രന്ഥങ്ങൾ

1.ഫോക് ലോർ,ഡോ.രാഘവൻ പയ്യനാട്,കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്,തിരുവനന്തപുരം.

2.സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ,എഡി, ഡോ.കെ.എം.ജോർജ്ജ്,എസ്.പി.സി.എസ്.കോട്ടയം.

3.കവിതാസാഹിത്യചരിത്രം,ഡോ.എം.ലീലാവതി, കേരളസാഹിത്യഅക്കാദമി.തൃശ്ശൂർ

4.ഇരവിക്കുട്ടിപ്പിള്ളപ്പോര് ഒരു പഠനം,ഡോ.തിക്കുറുശ്ശി ഗംഗാധരൻ,സാഹിത്യകൈരളി പ്രസിദ്ധീകരണങ്ങൾ,തിരുവനന്തപുരം.

5.വടക്കൻ പാട്ടുകൾ,സമാഹരണം ഡോ.കെ.ശ്രീകുമാർ,കേരളസാഹിത്യഅക്കാദമി.തൃശ്ശൂർ

6.ഭാഷാനൈഷധം ചമ്പു, മഴമംഗലം.
7.ഊർശ്ലേം യാത്രാവിവരണം,പരുമലതിരുമേനി, കറന്റ്ബുക്സ്
8.അറബിമലയാളസാഹിത്യപഠനങ്ങൾ-(എഡി.)ടി.മൻസൂർ അലി,ലീഡ് ബുക്സ്

9.തെക്കൻ പാട്ടുകൾ ചില അടിസ്ഥാനചിന്തകൾ-ഡോ.ജി.ത്രിവിക്രമൻ തമ്പി,രാജരാജവർമ്മ ഭാഷാപഠനകേന്ദ്രം.
10 രാമചരിതവും പ്രാചീന മലയാളവും-ഡോ.എൻ .ആർ.ഗോപിനാഥപിള്ള,എൻ ബി എസ് ,കോട്ടയം
11.മലയാളസന്ദേശകാവ്യങ്ങൾ ഒരു പഠനം-ഡോ.ചമ്പക്കുളം അപ്പുക്കുട്ടൻനായർ,എൻ ബി എസ് ,കോട്ടയം
12.വെൺമണിപ്രസ്ഥാനം-ഡോ.അകവൂർ നാരായണൻ,എൻ ബി എസ് ,കോട്ടയം
13.മലയാളസാഹിത്യചരിത്രം കൃഷ്ണഗാഥവരെ-ഡോ.പി.വി.വേലായുധൻപിള്ള,എൻ ബി എസ് ,കോട്ടയം.

**കോഴ്സ് : DKS-CC-412**
**കോഴ്സിന്റെ പേര്: മലയാളസാഹിത്യം മധ്യഘട്ടം.**
**ക്രഡിറ്റ്: 4**

**കോഴ്സിന്റെ പഠനപ്രയോജനം (Course outcome)**

**സി ഒ.1 മലയാളസാഹിത്യത്തിന്റെ മധ്യഘട്ടത്തിന്റെ സ്വഭാവവും അത് രൂപപ്പെടുന്ന സാമൂഹികചുറ്റുപാടും പഠിക്കുക.**

**സി ഒ. 2.മലയാളിയുടെ സൌന്ദര്യബോധത്തിന്റെ വികാസത്തിലെ മധ്യഘട്ടം പഠിക്കുക.**

**സി.ഒ.3.സാഹിത്യത്തിന്റെ നിലവാരപ്പെടലിലേക്ക് വഴിവെച്ച എഴുത്തച്ഛൻ മുതൽ മലയാളിയുടെ സൌന്ദര്യബോധം കാല്പനികതയിലേക്ക് എത്തുന്നതുവരെയുള്ള പരിണാമത്തിന്റെ സ്വഭാവും അത് സാധ്യമാക്കിയ കേരളീയസാംസ്കാരിക ചുറ്റുപാടുകളുടെ സ്വഭാവവും പഠിക്കുക.**

**മൊഡ്യൂൾ ഒന്ന്.**
മലയാളിയുടെ ഭാഷാവികാസത്തെയും സൌന്ദര്യബോധത്തിന്റെ നിലവാരപ്പെടലിനെയും വിലയിരുത്താൻ കഴിയുന്ന ഉപാദാനങ്ങളാണ് ഈ ഭാഗത്ത് പഠിക്കുന്നത്. മലയാളത്തിന്റെ സൌന്ദര്യം വെളിപ്പടുത്തിയ ചെറുശ്ശേരി എഴുത്തച്ഛൻ എന്നീ കവികളുടെ രചനകൾ വിലയിരുത്തുന്നു.
1. കൃഷ്ണഗാഥ, വത്സസ്തേയം
2.അദ്ധ്യാത്മരാമായണം കിളിപ്പാട്ട്, അയോദ്ധ്യാകാണ്ഡം.

**മൊഡ്യൂൾ രണ്ട്.**
മലയാളഗദ്യത്തിന്റെ വികാസത്തിനും, വൈജ്ഞാനികമേഖലയ്ക്കും കരുത്തുനൽകിയ വിദേശമിഷണറിമാരുടെ സംഭാവനകൾ വിലയിരുത്തുന്നു.
ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ,ഗുണ്ടർട്ടിന്റെ സാഹിത്യസംഭാവനകൾ, ഭാഷാവ്യാകരണത്തിന് മിഷണറിമാർ നൽകിയ സംഭാവനകൾ എന്നിവയുടെ സ്വഭാവം മനസ്സിലാക്കി മലയാളഭാഷയുടെ വികാസത്തിന് അവ എത്രമാത്രം സഹായകമായിത്തീർന്നു എന്ന് വിലയിരുത്തുന്നു.
**മൊഡ്യൂൾ മൂന്ന്.**
വഞ്ചിപ്പാട്ട്, പാന എന്നീ സാഹിത്യരൂപങ്ങളുടെ സ്വഭാവും അവയുടെ സാസ്കാരികപരിസരവും വിലയിരുത്തുന്നു. മലയാളിയുടെ സൌന്ദര്യബോധത്തെയും സാമൂഹികബോധത്തെയു ഈ സാഹിത്യപ്രസ്ഥാനം ഏതുരീതിയിൽ പ്രതിഫലിപ്പിക്കുന്നു എന്ന പരിശോധന നടത്തുന്നു.

1. കുചേലവൃത്തം വഞ്ചിപ്പാട്ട്-രാമപുരത്തുവാരിയർ
2.ജ്ഞാനപ്പാന- പൂന്താനം
3.പുത്തൻപാന-ഒന്നാം പാദം- അർണ്ണോസ് പാതിരി

**മൊഡ്യൂൾ നാല്**

മലയാളത്തിന്റെ നിയോക്ലാസിക് പ്രവണതകളുടെ സ്വാഭാവം വിലയിരുത്തുന്ന ഭാഗം.ക്ലാസിക് പ്രവണതകൾക്കുശേഷം മലയാളീബോധത്തിൽ നിയോക്ലാസിക് പ്രവണതകളുണ്ടാക്കിയ മാറ്റം - സൌന്ദര്യബോധത്തിലും ഭാഷാബോധത്തിലും നിയോക്ലാസിക് പ്രവണതയുണ്ടാക്കിയ ചലനങ്ങൾ.

1.കേശവീയം നാലാംസർഗ്ഗം- ആദ്യത്തെ 30 ശ്ലോകങ്ങൾ
2.ആത്മോപദേശശതകം
3.പാക്കനാർ ആദ്യത്തെ 20 ശ്ലോകം
4.പാടത്തുങ്കര...,മൂടില്ലാത്തൊരു...,എന്നീ മുക്തകങ്ങൾ

**മൊഡ്യൂൾ അഞ്ച്.**

മലയാളിയുടെ ദൃശ്യബോധത്തിന്റെയും സാഹിത്യബോധത്തിന്റെയും പരിഷ്കരണത്തിന് കാരണമായ ആദ്യകാലനാടകങ്ങൾ- ആദ്യകാലനാടകകൃതികളുടെ സവിശേഷതകൾ- മലയാളീബോധത്തിൽ നാടകമുണ്ടാക്കിയ പരിവർത്തനങ്ങൾ.

1.ആശ്ചര്യചൂഡാമണി കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ വിവർത്തനം-ജടായുവധം എന്ന അങ്കം മാത്രം.
2. മറിയാമ്മ നാടകം-കൊച്ചീപ്പൻ തരകൻ- ആദ്യ അങ്കം മാത്രം.

**മൊഡ്യൂൾ ആറ്.**

കഥാസാഹിത്യത്തിന്റെ ഉദയം- നോവൽ, ചെറുകഥ എന്നീ സാഹിത്യരൂപങ്ങളുടെ ഉദയവും അതിന്റെ സാംസ്കാരികപശ്ചാത്തലവും- ആദ്യകാലനോവലുകൾ- ആദ്യകാലചെറുകഥകൾ

1.ഇന്ദുലേഖയുടെ പതിനെട്ടാമത്തെ അദ്ധ്യായത്തിനോട് മലയാളിബോധം പുലർത്തിയ ആദ്യകാലസമീപനവും പുതിയ സമീപനവും
2.ദ്വാരക എന്ന ചെറുകഥയുടെ സവിശേഷത.

**സഹായഗ്രന്ഥങ്ങൾ**

1..സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ,എഡി: ഡോ.കെ.എം.ജോർജ്ജ്,എസ്.പി.സി.എസ്.കോട്ടയം.
2..കവിതാസാഹിത്യചരിത്രം,ഡോ.എം.ലീലാവതി, കേരളസാഹിത്യഅക്കാദമി.തൃശ്ശൂർ.
3.അർണ്ണോസ് പാതിരിയുടെ കാവ്യങ്ങൾ,ഡോ.എൻ.സാം,.ഡോ.കുര്യാസ് കുമ്പളക്കുഴി, ഡോ.ഡി.ബഞ്ചമിൻ, കറന്റ് ബുക്സ്, കോട്ടയം.
4.ചെറുകഥ ഇന്നലെ ഇന്ന്,എം.അച്യുതൻ,ഡി സി ബുക്സ്, കോട്ടയം.
5.മലയാളനാടകസാഹിത്യചരിത്രം,ജി.ശങ്കരപ്പിള്ള,കേരളസാഹിത്യഅക്കാദമി.തൃശ്ശൂർ.
6.മലയാളനോവൽ പത്തൊമ്പതാം നൂറ്റാണ്ടിൽ,ഡോ.ജോർജ്ജ് ഇരുമ്പയം. എൻ ബി എസ്, കോട്ടയം.
7. മലയാളനോവലും ദേശീയതയും , എം ആർ.മഹേഷ്, കേരളസർവകലാശാല
8.നിയോക്ലാസിസിസം-പ്രൊഫ.പന്മനരാമചന്ദ്രൻ നായർ,കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
9.പച്ചമലയാളം കൃതികളും പഠനവും-ഡോ.കെ.പ്രശോഭൻ,കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

## കോഴ്സ് : DKS-CC-413

## കോഴ്സിന്റെ പേര്: മലയാളവ്യാകരണം

## ക്രഡിറ്റ്: 4

**കോഴ്സിന്റെ പഠനപ്രയോജനം (Course outcome)**

**സി ഒ.1 മലയാളവ്യാകരണം മനസ്സിലാക്കി** വർത്തമാലകാലമലയാളഘടനയിലെ **സവിശേഷതകളുമായി അതു ബന്ധിപ്പിക്കുന്നതെങ്ങനെയെന്ന് പഠിക്കുക.**

**സി ഒ.2. വ്യാകരണത്തിലെ പരികല്പനകൾ മനസ്സിലാക്കി അതിന്റെ പ്രയോഗരീതി പഠിക്കുക.**

**മൊഡ്യൂൾഒന്ന്**

മലയാളത്തിലെ സന്ധി വിഭജനവും നിർവചനവും - ലോപസന്ധി- ആഗമസന്ധി- ദിത്വസന്ധി- ആദേശസന്ധി എന്ന വിഭജനത്തിലൂന്നിയുള്ള വിശദപഠനം- - വർത്തമാനമലയാളത്തിൽ സന്ധിയിലുണ്ടാകേണ്ട വർണ്ണപരിണാമങ്ങൾ സംഭവിക്കുന്നുണ്ടോ എന്ന അന്വേഷണം-സമാസം നിർവചനം- കേരളപാണിനീയത്തിലെ സമാസനിർവചനം, പോരായ്മകൾ,തത്പുരുഷസമാസം- ബഹുവ്രീഹിസമാസം- ദ്വന്ദ്വസമാസം- സമാസവും അർത്ഥവും തമ്മിലുള്ള ബന്ധം- പദബന്ധങ്ങൾ മാറുമ്പോഴുണ്ടാകുന്നർത്ഥവ്യത്യാസം-സമാസത്തിനു വാക്യഘടനയിലുള്ള സാധ്യതകൾ.

**മൊഡ്യൂൾരണ്ട്.**

നാമം- നിർവചനം- വാക്യഘടനയിൽനാമം വരാവുന്ന സാഹചര്യങ്ങൾ നാമത്തോടു ചേരുന്ന പ്രത്യയങ്ങൾ ലിംഗപ്രത്യയങ്ങൾ നാമത്തോടു ചേരുമ്പോൾ സംഭവിക്കുന്ന മാറ്റങ്ങൾ വചനപ്രത്യയങ്ങൾ നാമത്തോടുചേരുമ്പോൾ സംഭവിക്കുന്ന മാറ്റങ്ങൾ വിഭക്തിപ്രത്യയങ്ങൾ- കാരകനിർ വചനവും വിഭക്തിരൂപവുമായുള്ള ബന്ധവും ബന്ധമില്ലായ്മയും-വിഭക്ത്യാഭാസം വിഭക്തിയിൽ നിന്ന് ഏതെല്ലാം രീതിയിലാണ് വ്യത്യസ്തമാകുന്നത്.

തദ്ധിതം- നിർവചനം - വിഭജനങ്ങൾ തന്മാത്രാതദ്ധിതം - തദ്വത്തദ്ധിതം- നാമനിർമ്മായി തദ്ധിതം- പൂരണിതദ്ധിതം- ഇവ തമ്മിൽ ഘടനാപരമായും അർത്ഥപരവരവുമായ വ്യത്യാസങ്ങൾ വാക്യഘടനയിൽ തദ്ധിതത്തിന്റെ പെരുമാറ്റരീതി- ക്രിയാനാമം- നിർവചനം - അർത്ഥപരമായി ക്രിയയോടും രൂപപരമായി നാമത്തിനോടും പുലർത്തുന്ന ബന്ധം - വാക്യഘടനയിൽ വരുമ്പോഴുള്ള പെരുമാറ്റരീതി.

**മൊഡ്യൂൾമൂന്ന്**

ക്രിയ- ഘാടനാപരവും അർത്ഥപരവുമായ സവിശേഷതകൾ കാലങ്ങൾ, കാലപ്രത്യയങ്ങൾ, പ്രത്യയങ്ങളുടെ ഉല്പത്തിയും വികാസവും- വർത്തമാനകാലപ്രത്യയത്തിന്റെ സവിശേഷപഠനം- പ്രകാരവിഭജനം- വർത്തമാനമലയാളത്തിലെ പ്രകാരത്തിന്റെ സ്ഥാനം- പ്രകാരപ്രത്യയങ്ങളുടെ പെരുമാറ്റസ്വഭാവം, ഉല്പത്തി-കേവലക്രിയ, പ്രയോജകക്രിയ എന്ന വിഭജനത്തിന്റെ അടിസ്ഥാനം- അർത്ഥത്തിലും രൂപത്തിലും ഇവ പുലർത്തുന്ന സവിശേഷതകൾ പ്രയോജകപ്രത്യയങ്ങൾ

പ്രയോജകരൂപത്തിനെ സംബന്ധിച്ചുണ്ടായിട്ടുള്ള ചർച്ചകൾ,നിഷേധഘടന- രൂപതലത്തിലും വാക്യതലത്തിലും നിഷേധത്തനുണ്ടാകുന്ന സ്വഭാവങ്ങളുടെ പരിശോധന-

**മൊഡ്യൂൾ നാല്**

അപൂർണ്ണക്രിയ- പെരുമാറ്റരീതിയിൽ പൂർണ്ണക്രിയയിൽ നിന്നുള്ള വ്യത്യാസം- പേരെച്ചം- ഘടനാപരമായി പേരെച്ചം പ്രത്യക്ഷപ്പെടുന്ന സ്ഥാനം- രൂപതലത്തിൽ പൂർണ്ണക്രിയ പേരെച്ചമാകുമ്പോൾ സംഭവിക്കുന്ന മാറ്റങ്ങൾ ഭൂതം,വർത്തമാനം,ഭാവി കാലക്രിയകൾ എങ്ങിനെ പേരെച്ചമാകുന്നു- ക്രിയാന്തത്തിൽ സംഭവിക്കുന്ന മാറ്റത്തെ പ്രത്യയമാക്കി മാറ്റുന്നതിലെ സാംഗത്യം-വിനയെച്ചം- വാക്യതലത്തിൽ പ്രത്യക്ഷപ്പെടുന്നസ്ഥാനം- ക്രിയയുടെ കാലാടിസ്ഥാനത്തിലുള്ള വിനയെച്ചവിഭജനം- അർത്ഥതലത്തിലും ഘടനാതലത്തിലുമുള്ള സവിശേഷതകൾ

**മൊഡ്യൂൾ അഞ്ച്.**

ഭേദകം- വിഭജനം- ഘടനാതലത്തിലും അർത്ഥതലത്തിലും ഭേദകങ്ങൾക്കുള്ള സ്ഥാനം- മലയാളത്തിലെഭേദകങ്ങൾ ഉദാഹരണസഹിതമുള്ള പരിശോധന- വർത്തമാനകാലഘട്ടത്തിൽ ഇവയ്ക്കുണ്ടാകുന്ന പരിണാമം- മറ്റുഭാഷകളിൽ നിന്നും മലയാളം കടംകൊള്ളുന്ന ഭേദകങ്ങൾ നിപാതവും അവ്യയവും- ഘടനാപരമായും അർത്ഥപരമായും ഉള്ള സവിശേഷതകൾ വർത്തമാനകാലമലയാളത്തിൽ ഈ രൂപങ്ങൾക്കുണ്ടാകുന്നകുന്ന അർത്ഥവ്യത്യാസങ്ങൾ സാന്ദർഭികമായി വരുന്ന അർത്ഥങ്ങൾ ഭാഷാഭേദവുമായി ബന്ധപ്പെട്ട് ഇവയ്ക്കുണ്ടാകാവുന്ന അർത്ഥതലങ്ങൾ.

**മൊഡ്യൂൾ ആറ്**

വാക്യഘടന- വിവിധതരം വാക്യങ്ങൾ പ്രയോഗം- ഘടനാപരമായി വരുത്തുന്ന മാറ്റങ്ങൾ അർത്ഥതലത്തിൽ ഘടനസൃഷ്ടിക്കുന്ന വസ്തുതകൾ, കർമ്മണിപ്രയോഗ ഘടന- മലയാളഭാഷയിൽ കർമ്മണിപ്രയോഗത്തിന്റെ ഇന്നത്തെ സ്ഥാനം- അനുപ്രയോഗം- വാക്യഘടനയുമായി അനുപ്രയോഗം എത്രമാത്രം ബന്ധപ്പെടുന്നു എന്നപരിശോധന- അർത്ഥതലത്തിൽഅനുപ്രയോഗം പ്രയോഗം സൃഷ്ടിക്കുന്ന സവിശേഷതകൾ

സഹായഗ്രന്ഥങ്ങൾ

1. ലീലാതിലകം - ആദ്യത്തെ മൂന്നു ശില്പങ്ങൾ
2. കേരളപാണിനീയം- എ.ആർ. രാജരാജവർമ്മ.
3. മലയാളഭാഷാവ്യാകരണം- ഹെർമ്മൻ ഗുണ്ടർട്ട്
4. മലയാഴ്മയുടെ വ്യാകരണം- ജോർജ്ജ് മാത്തൻ
5. വ്യാകരണമിത്രം - ശേഷഗിരിപ്രഭു
6. കേരളപാണിനീയഭാഷ്യം- സി.എൽ. ആന്റണി
7. വ്യാകരണവിവേകം- ഡോ.എൻ.എൻ.മൂസ്സത്
8. അന്വേഷണം- ഡോ.എൻ.ആർ.ഗോപിനാഥപിള്ള
9. സമീക്ഷ - ഡോ.എൻ.ആർ.ഗോപിനാഥപിള്ള
10. മലയാളത്തിലെ നാമവർഗം- ശ്രീകുമാരി.കെ

11. കൈരളീ ശബ്ദാനുശാസനം - ഡോ.കെ.സുകുമാരപിള്ള
12. മലയാളവ്യാകരണ സമീക്ഷ - ഡോ.കെ.എം.പ്രഭാകരവാരിയർ
13. മൊഴിയും പൊരുളും - ഡോ.കെ.എം.പ്രഭാകരവാരിയർ
14. മലയാളവ്യാകരണപഠനങ്ങൾ സമ്പാ:രാധാകൃഷ്ണൻ മല്ലിശ്ശേരി.

**കോഴ്സ് : DKS-CC-414**

**കോഴ്സിന്റെ പേര്: കേരളപഠനം കോഴ്സ് ഒന്ന്.**

**ക്രഡിറ്റ്: 4**

**കോഴ്സിന്റെ പഠനപ്രയോജനം (Course outcome)**

**സി ഒ.1. ഭാഷ,സാഹിത്യം,തത്ത്വചിന്ത,ശാസ്ത്രം തുടങ്ങിയ മനുഷ്യധിഷണയുമായി ബന്ധപ്പെട്ട മേഖലകളിൽ നൂറ്റാണ്ടുകളായുള്ള കേരളത്തിന്റെ സംഭാവന പഠിക്കുക.**

**സി ഒ.2. കേരളത്തിന്റെ മണ്ണിൽ ജീവിച്ച ആദിവാസി ഗോത്രവിഭാഗം മുതൽ ഇരുപതാം നൂറ്റാണ്ടിന്റെ പ്രാരംഭ ഘട്ടം വരെയുള്ള ജനത കേരളത്തിന്റെ സാംസ്കാരികാന്തരീക്ഷത്തിനു നൽകിയ സംഭാവനകൾ പഠിക്കുക**

**സി ഒ.3.കേരളത്തിന്റെ സാംസ്കാരികാന്തരീക്ഷത്തിന്റയും ചരിത്രത്തിന്റെയും ഭാഗമായ സംഭവങ്ങൾ, കലാരൂപകങ്ങൾ, ലിഖിതരേഖകൾ തുങ്ങിയവ പഠിക്കുക.**

**മൊഡ്യൂൾ ഒന്ന്.**

കേരളപഠനത്തിന്റെ ആദ്യഘട്ടം-നിർവചനം-സമീപനത്തിന്റെ സവിശേഷത-ഭൂമിശാസ്ത്രപരമായ സവിശേഷതകൾ- കേരളപഠനസാമഗ്രികൾ-ശിലാചിത്രങ്ങൾ-കല്ലുപകരണങ്ങൾ-ശിലാസംസ്കാരം-ഇരുമ്പുയുഗസംസ്കാരം-ശിലാശാസനത്തിന്റെ സാംസ്കാരികതലം-സംഘകാലസംസ്കാരം-ഗോത്രജീവിതസംസ്കാരം-തൊഴിൽസംസ്കാരം-വിദേശബന്ധങ്ങൾ

**മൊഡ്യൂൾ രണ്ട്.**

തിണസംസ്കാരം-ഭരണകൂടസംസ്കാരം-ഭാഷയും കലകളും-ലിംഗപദവി-ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും സാംസ്കാരിക പശ്ചാത്തലം.കഴകം-കൂട്ടം-ക്ഷേത്രഭരണം- വൈജ്ഞാനികരംഗത്തെ ചലനങ്ങൾ-കലാസാഹിത്യരംഗം.

**മൊഡ്യൂൾ മൂന്ന്.**

ജാതിമതവ്യവസ്ഥ-ഭൂവ്യവസ്ഥയും ജാതിഉപജാതിവ്യവസ്ഥയും- അധികാരവും മതവും-തൊഴിലും ജാതിയും-പ്രാചീന മതങ്ങൾ- ശൈവവൈഷ്ണവധാരകൾ- ക്ഷേത്രങ്ങൾ, കാവുകൾ-ശ്രീ ശങ്കരാചാര്യർ-ബുദ്ധജൈനജൂതമതങ്ങൾ-ക്രസ്തവ ഇസ്ലാം മതവിഭാഗങ്ങൾ-കേരളസംസ്കാരത്തിന് മതം നൽകിയസംഭാവനകൾ

**മൊഡ്യൂൾ നാല്.**

കേരളത്തിന്റെ പ്രാചീനസാമ്പത്തികവ്യവസ്ഥ-കാർഷികരംഗവും സംസ്കാരവും-കാർഷികവ്യവസ്ഥയുമായി ബന്ധപ്പെട്ട ആചാരങ്ങൾ,പാട്ടുകൾ,വിനിമയരീതികൾ-അളവുതൂക്കവ്യവസ്ഥ-ചന്ത-നാണയങ്ങൾ-വ്യാപാരവ്യവസ്ഥ-വ്യാപാരകേന്ദ്രങ്ങൾ-വ്യാപാരസംഘങ്ങൾ-വാണിജ്യരീതികൾ,വഴികൾ-കച്ചവടബന്ധങ്ങൾ-വിദേശബന്ധങ്ങൾ.

വിദേശസംസ്കാരത്തിന്റെ കടന്നു വരവ്-പോർച്ചുഗീസ്-ഡച്ച്-ഫ്രഞ്ച്- ഇംഗ്ലീഷ് സാംസ്കാരികരാഷ്ട്രീയ ഇടപെടലുകൾ- തിരുവിതാംകൂറിന്റെ വികസനം-കൊച്ചി-മലബാർ പ്രദേശങ്ങളുടെ സാംസ്കാരികരാഷ്ട്രീയ സാന്നിദ്ധ്യം-കുളച്ചൽ യുദ്ധം- ടിപ്പുവിന്റെ വരവും ചലനങ്ങളും-പഴശ്ശിരാജ,വേലുത്തമ്പി ദളവ,കുഞ്ഞാലിമരയ്ക്കാർ എന്നിവരുടെ ഇടപെടലുക.

**മൊഡ്യൂൾ അഞ്ച്.**

വിദ്യാഭ്യാസവിജ്ഞാനമേഖലകൾ- ശാലകൾ-കളരികൾ-കുടിപ്പള്ളിക്കൂടങ്ങൾ-തെക്കൻ വടക്കൻ പാട്ടുകളിലെ പരാമർശങ്ങൾ-ജ്യോതിശ്ശാസ്ത്രം-വൈദ്യം-ആയുർവേദം-സിദ്ധവൈദ്യം-നാട്ടുവൈദ്യം-വാസ്തുവിദ്യ-നീതിന്യായം-നാട്ടറിവുകൾ-കുലവിദ്യകൾ

**മൊഡ്യൂൾ ആറ്**

കൂത്ത്-കൂടിയാട്ടം-കഥകളി-തുള്ളൽ-ശില്പകല- ചിത്രകല- രാജാരവിവർമ്മ-കളമെഴുത്ത്-മുഖത്തെഴുത്തുകൾ- നാടോടിനാടകങ്ങൾ-പറണേറ്റ്-പടയണി- മുടിയേറ്റ്-തെയ്യം-തിറ-തീയ്യാട്ട്-തോല്പാവക്കൂത്ത്

കേരളീയസംഗീതം-നാടോടിസംഗീതം- കർണ്ണാടകസംഗീതം-ഇരയിമ്മൻ തമ്പിയും സ്വാതിതിരുനാളും.

സഹായഗ്രന്ഥങ്ങൾ

1.ഇളംകുളം കുഞ്ഞൻ പിള്ളയുടെ തിരഞ്ഞെടുത്ത കൃതികൾ- ഇളംകുളം കുഞ്ഞൻപിള്ള
2.കേരളസംസ്കാരചരിത്രനിഘണ്ടു-ഡോ.എസ്.കെ.വസന്തൻ
3.കേരളസംസ്കാരപഠനങ്ങൾ-എഡി. പന്മനരാമചന്ദ്രൻ
4.കേരളസാഹിത്യചരിത്രം - ഉള്ളൂർ
5.കേരളീയ സംസ്കൃതസാഹിത്യചരിത്രം- വടക്കുംകൂർ രാജരാജവർമ്മ
6.കേരളസംസ്കാര- എ ശ്രീധരമേനോൻ
7.കേരളത്തിന്റെ സാംസ്കാരികചരിത്രം- പി.കെ.ബാലകൃഷ്ണൻ
8.കേരളീയത ചരിത്രമാനങ്ങൾ- എം.ആർ.രാഘവവാരിയർ
9. സാമൂതിരിചരിത്രത്തിന്റെ കാണാപ്പുറങ്ങൾ- ഡോ.എൻ.എം.നമ്പൂതിരി.

**കോഴ്സ്: DKS-DE-415**

**കോഴ്സിന്റെ പേര്: വിവർത്തനപഠനം**

**ക്രഡിറ്റ്: 2**

**കോഴ്സിന്റെ പഠനപ്രയോജനം (Course outcome)**

**സിഒ.1.വിവർത്തനത്തിനു പിന്നിലുള്ള പ്രക്രിയ,വിവർത്തനത്തിലൂടെ സാധ്യമാകുന്നതും അല്ലാത്തതുമായ സാംസ്കാരികതലങ്ങൾ പഠിക്കുക.**

**സിഒ.2. വിവർത്തനത്തിന്റെ ആപേക്ഷികത, ആവശ്യകത തുടങ്ങിയവ പഠിക്കുക.**

**സിഒ.3.വിവർത്തനത്തിന്റെ സൈദ്ധാന്തികതലവും പ്രായോഗികതലവും പഠിക്കുക.**

**മൊഡ്യൂൾ ഒന്ന്.**

വിവർത്തനം എന്നതിന്റെ നിർവചനം-സ്രോതഭാഷ-ലക്ഷ്യഭാഷ- ഭാഷാമാറ്റത്തിൽ നേരിടാവുന്ന സാമാന്യ പ്രശ്നങ്ങൾ- വിവർത്തനം എന്നതുമായി ബന്ധപ്പെട്ട് ആദ്യകാലത്തുണ്ടായിരുന്ന നിലപാട്-വിർത്തനം സാർവത്രികമാകുന്നതിന്റെ കാരണം.

**മൊഡ്യൂൾ രണ്ട്.**

വിവർത്തകന്റെ കർത്തവ്യം-വിവർത്തകന്റെ ഗുണങ്ങൾ-ശ്രദ്ധിക്കേണ്ട കാര്യങ്ങൾ-അനവധാനതയിലൂടെ സംഭവിക്കാവുന്ന പിഴകൾ-സാഹിത്യവ്യവഹാരത്തിലും സാമാന്യവ്യവഹാരത്തിലും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

**മൊഡ്യൂൾ മൂന്ന്.**

വിവർത്തനരീതികൾ-ഭാഷാന്തസ്ഥം,ഭാഷാന്തരസ്ഥം(Itnter Lingual&Intra Lingual)-സമഗ്രം(Total)-നിയന്ത്രിതം(Restricted)-പരാവർത്തനം-അർത്ഥാദേശം-പുനസ്സൃഷ്ടി-പദാനുപദം,വൃത്താനുവൃത്തം തുടങ്ങിയ വിവർത്തനരീതികൾ.

**മൊഡ്യൂൾ നാല്**

വിവർത്തനത്തിലെ സമാനതാതലങ്ങൾ-ഭാഷാസമാനത-പാഠസമാനത-രൂപസമാനത-ഫലസമാനത കവിത-ചെറുകഥ-പരസ്യം-പഴഞ്ചൊല്ല്-ശൈലികൾ-സാമാന്യവാർത്തകൾ തുടങ്ങിയവ തർജ്ജമ നടത്തുന്നതിനുള്ള പരിശീലനം.

സഹായഗ്രന്ഥങ്ങൾ.

1.വിവർത്തനത്തിന്റെ ഭാഷാശാസ്ത്രഭൂമിക- ഡോ.വി.ആർ.പ്രബോധചന്ദ്രൻ നായർ.
2.തർജ്ജമ സിദ്ധാന്തവും പ്രയോഗവും- ഡോ.സ്കറിയ സക്കറിയ
3.വിവർത്തന വിചാരം- എൻ ഇ വിശ്വനാഥ അയ്യർ
4.ഭാഷയും ഭാഷാന്തരണവും-കോശി.കെ.എ.
5.Aspects of Translation- A H Smith
6. The Art of Translation- Theodore Savory
7.A Linguistic Theory of Translation- J C Catford.

**സെമസ്റ്റർ : 2**

**കോഴ്സ് : DKS-CC-421**

**കോഴ്സിന്റെ പേര്: മലയാളകഥാസാഹിത്യം**

**ക്രഡിറ്റ്: 4**

**കോഴ്സിന്റെ പഠനപ്രയോജനം (Course outcome)**

**സി ഒ.1.** മലയാളത്തിലെ നോവൽ,ചെറുകഥ എന്നീ സാഹിത്യശാഖകൾക്ക് ഇരുപതാം നൂറ്റാണ്ടിലുണ്ടായ ഉല്പത്തിവികാസങ്ങളും വർത്തമാനകാലഅവസ്ഥയും പഠിക്കുക.

**സി ഒ.2.** കഥാഖ്യാനം എങ്ങനെയാണ് മലയാളിയുടെ സാംസ്കാരികപശ്ചാത്തലവുമായി ബന്ധപ്പെടുന്നതെന്ന് പഠിക്കുക.

**സി ഒ.3.**നോവൽ,ചെറുകഥ എന്നീ ശാഖകളിൽ നിന്ന് പ്രാതിനിധ്യസ്വഭാവത്തിൽ രചനകൾ പരിശോധിക്കുകയും മലയാളിയുടെ ബോധത്തെ അതെപ്രകാരമെല്ലാം പ്രതിഫലിപ്പിക്കുന്നു എന്ന് പഠിക്കുക.

**മൊഡ്യൂൾ ഒന്ന്.**

നോവലിന്റെയും ചെറുകഥയുടെയും ആദ്യഘട്ടം- ആഖ്യാനത്തിലും സാമൂഹികാവബോധത്തിലും ഈ സാഹിത്യശാഖകൾ മുന്നോട്ടുവെയ്ക്കുന്ന ദർശനങ്ങൾ- ആദ്യകാല എഴുത്തുകാർ- സ്വീകരിച്ചപ്രമേയങ്ങൾ എന്നിവ പരിശോധിക്കുന്നു.

1.ധർമ്മരാജ- സി.വി.രാമൻ പിള്ള

2.സരസ്വതീ വിജയം- പോത്തേരി കുഞ്ഞമ്പു.

4. ഉളിപിടിച്ച കൈ- അമ്പാടി നാരായണപ്പൊതുവാൾ

5.ദ്വാരക-വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ

**മൊഡ്യൂൾ രണ്ട്.**

കഥാസാഹിത്യത്തിന്റെ രണ്ടാം ഘട്ടം- സാമൂഹികചലനങ്ങൾ കഥാസാഹിത്യത്തെ വളരെയേറെ സ്വാധീനിക്കുന്ന ഘട്ടം- എഴുത്ത് രാഷ്ട്രീയ സാമൂഹികപ്രവർത്തനമാണെന്ന ബോധ്യത്തിൽ രചയിതാക്കൾ ഇടപെടുന്നു. പ്രധാനപ്പെട്ട എഴുത്തുകാർ

1.തോട്ടിയുടെ മകൻ-തകഴി ശിവശങ്കരപ്പിള്ള

2.ബാല്യകാലസഖി- വൈക്കം മുഹമ്മദു ബഷീർ

3.ശബ്ദിക്കുന്ന കലപ്പ-പൊൻകുന്നം വർക്കി

4.മാണിക്കൻ-ലളിതാംബിക അന്തർജ്ജനം

**മൊഡ്യൂൾ മൂന്ന്.**

വ്യക്തികളുടെ മനസ്സിന്റെ തലങ്ങളിലേക്ക് പ്രവേശിക്കാനും സമൂഹത്തിന്റെ ഇടപെടൽ വ്യക്ത്യനുഭവത്തെ ഏതൊക്കെരീതിയിൽ ബാധിക്കുന്നുവെന്ന് പരിശോധിക്കാനുമുള്ള ശ്രമം എഴുത്തുകാർ നടത്തുന്ന ഘട്ടത്തെയാണ് പരിശോധിക്കുന്നത്.

1.നാലുകെട്ട്- എം ടി വാസുദേവൻ നായർ

2.പ്രകാശം പരത്തുന്ന പെൺകുട്ടി- ടി.പത്മനാഭൻ
3.കോലാട്- മാധവിക്കുട്ടി
4.പെൺ ബുദ്ധി- കെ.സരസ്വതിയമ്മ

**മൊഡ്യൂൾ നാല്.**
ആധുനികതയുടെ കടന്നു വരവും ആഖ്യാനത്തിലും പ്രമേയത്തിലും വന്ന മാറ്റവും പരിശോധിക്കുന്നു. വ്യക്തികേന്ദ്രിതവും നിഷേധാത്മകവുമായ എഴുത്ത് സാമൂഹികബോധ്യങ്ങളെ ഏതുരീതിയിൽ ബാധിച്ചിരുന്നു എന്ന പരിശോധന- പ്രധാനപ്പെട്ട എഴുത്തുകാർ
1.ഖസാക്കിന്റെ ഇതിഹാസം- ഒ വി വിജയൻ
2.ഒടിയുന്ന കുരിശ്- ആനന്ദ്
3.ശ്രീചക്രം- കാക്കനാടൻ

**മൊഡ്യൂൾ അഞ്ച്.**
**ആധുനികാനന്തരമായി കഥാഖ്യാനത്തിൽ വന്ന മാറ്റം-എഴുത്തിലും പ്രമേയത്തിലും വന്ന വ്യതിയാനങ്ങൾ**
1. മാറ്റാത്തി-സാറാജോസഫ്
2.വരമ്പിൽ ഒരു കൊറ്റി- മേതിൽ രാധാകൃഷ്ണൻ
3.ഉപന്യാസം- ടി.വി.കൊച്ചുബാവ

**മൊഡ്യൂൾ ആറ്.**
കഥാസാഹിത്യത്തിന്റെ വർത്തമാനം- നോവലിലും ചെറുകഥയിലും എഴുത്തുകാർ നടത്തുന്ന അന്വേഷണങ്ങൾ
1.നിലംപൂത്തു മലർന്നനാൾ- മനോജ് കുറൂർ
2. ചവർഗ്ഗം താലവ്യമോ-ബി.മുരളി
3.തല്പം- സുബാഷ് ചന്ദ്രൻ
5. ബിരിയാണി- സന്തോഷ് ഏച്ചിക്കാനം
6.മോഹമഞ്ഞ- കെ ആർ മീര.

**സഹായഗ്രന്ഥങ്ങൾ.**
**1.നോവൽപ്രശ്നങ്ങളും പഠനങ്ങളും-എം.അച്യുതൻ,എസ് പി സി എസ് , കോട്ടയം**
**2.നോവൽ സാഹിത്യ-എം പി പോൾ,എസ് പി സി എസ് , കോട്ടയം**
**3.നോവൽ സാഹിത്യപഠനങ്ങൾ-ഡോ.ഡി.ബഞ്ചമിൻ,എസ് പി സി എസ് , കോട്ടയം**
**4.മലയാളനോവലിന്റെ  അടിവേരുകൾ-തുമ്പമൺ തോമസ്,എസ് പി സി എസ് , കോട്ടയം**
**5.മാറുന്ന മലയാള നോവൽ-കെ പി അപ്പൻ,ഡി സി ബുക്സ്, കോട്ടയം.**
**6.ആധുനിക നോവൽ ദർശനം-കെ എം തരകൻ,കേരളസാഹിത്യഅക്കാദമി.**
**7 നോവൽ ബോധവും പ്രതിബോധവും-പി.കെ രാജശേഖരൻ&ആർ.പി.ആസാദ്,ഡി സി ബുക്സ്, കോട്ടയം.**
**8.ഭാഷയും ഭാവനയും പ്രതിരോധത്തിന്റെ അടയാളങ്ങൾ-ഡോ.സി.ആർ.പ്രസാദ്,കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്.**
**9.നോവൽ വായനകൾ-വി.സി.ശ്രീജൻ,ഡി സി ബുക്സ്, കോട്ടയം**

10.ദേശീയതയും സാഹിത്യവും-ഈ വി രാമകൃഷ്ണൻ,ഡി സി ബുക്സ്,കോട്ടയം.

11.ചെറുകഥ ഇന്നലെ ഇന്ന്-എം അച്യുതൻ,ഡി സി ബുക്സ് ,കോട്ടയം

12.നവീനകഥ-എം എം ബഷീർ,ഡി സി ബുക്സ്, കോട്ടയം

13.മലയാളചെറുകാഥാസാഹിത്യ ചരിത്രം-ഡോ എം എം ബഷീർ, കേരളസാഹിത്യഅക്കാദമി.

14.കഥയും ഫാന്റസിയും-വത്സലൻ വാതുശ്ശേരി,കറന്റ് ബുക്സ്,കോട്ടയം.

15.ചെറുകഥ വാക്കും വഴിയും-കെ എസ് രവികുമാർ,കറന്റ് ബുക്സ്,കോട്ടയം.

16. ആഗോളീകരണവും മലയാളചെറുകഥയും-എം എ സിദ്ദീഖ്,കേരളസർവകലാശാല.

17.പെൺ വിനിമയങ്ങൾ-ശാരദക്കുട്ടി,ഡി സി ബുക്സ് ,കോട്ടയം

18.കഥകളിലെ കേരളീയത-ഇ എം അഷറഫ്,മൾബറി, കോഴിക്കോട്.

19.ദലിത് സൌന്ദര്യശാസ്ത്രം- പ്രദീപൻ പാമ്പിരിക്കുന്ന്,ഡി സി ബുക്സ് ,കോട്ടയം

**കോഴ്സ് : DKS-CC-422**

**കോഴ്സിന്റെ പേര്: ഭാഷാശാസ്ത്രം.**

**ക്രഡിറ്റ്: 4**

**കോഴ്സിന്റെ പഠനപ്രയോജനം (Course outcome)**

**സി ഒ.1. ഭാഷാശാസ്ത്രം മുന്നോട്ടുവെയ്ക്കുന്ന അപഗ്രഥനരീതികളും വിശദീകരണമാര്ഗങ്ങളും പഠിക്കുക.**

**സി ഒ .2.പാരമ്പര്യവ്യാകരണബോധത്തില്നിന്നും നിലപാടുകളില്ഭാഷാശാസ്ത്രം പുലര്ത്തുന്ന വ്യത്യാസം പഠിക്കുക.**

**സി ഒ.3. ഭാഷാശാസ്ത്ര സിദ്ധാന്തങ്ങൾ മനസ്സിലാക്കി അതിന്റെ അടിസ്ഥാനത്തിൽ മലയാളഭാഷയുടെ ഘടനാപരമായ സവിശേഷത പഠിക്കുക.**

**മൊഡ്യൂള്ഒന്ന്**

ഭാഷാശാസ്ത്രം ആമുഖം - നിര്വചനം- വ്യാകരണത്തില്നിന്നുള്ളവ്യത്യാസം- വികാസചരിത്രം- വിവിധസമീപനങ്ങള്

വാഗിന്ദ്രിയങ്ങള്ഉച്ചാരണസ്ഥാനം- ഉച്ചാരണരീതികള്വര്ണം- ഉച്ചാരണപരമായി സ്വരം വ്യഞ്ജനം എന്ന വിഭജനം- സ്വനിമം- സ്വനിമനിര്ണ്ണയനം- വ്യത്യയം- പൂരകവിതരണം- ഉപസ്വനം-സ്വതന്ത്രോച്ചാരണം- ബഹുമുഖപൂരണം-ഭാഗികപൂരണം- മലയാളത്തിലെ സ്വനിമപരിശോധന.

**മൊഡ്യൂൾ രണ്ട്.**

ധ്വനി ഭേദങ്ങള്സമാക്ഷരലോപം- സ്ഥാനവിപര്യയം- പൂര്വസ്വരാഗമം- മധ്യസ്വരാഗമം- സവര്ണ്ണ നം- വിഷമീകരണം- സദൃശസൃഷ്ടി

**മൊഡ്യൂൾ നാല്**

രൂപവിജ്ഞാനീയം- രൂപം- രൂപിമം- സ്വതന്ത്രം- ആശ്രിതം- ഉപരൂപിമം- ഉപരൂപപൂജ്യം- മലയാളത്തിലെ സ്വതന്ത്ര ആശ്രിതരൂപിമ പരിശോധന- പദം- പദാംഗം- പ്രത്യയവിഭജനം.

**മൊഡ്യൂൾ മൂന്ന്**

വാക്യവിജ്ഞാനീയം- വാക്യഘടനാസിദ്ധാന്തങ്ങള് ചോംസ്കിയന്സിദ്ധാന്തം- ഉപരിതലരചന- അഗാധതലരചന- സമാസങ്ങള്ഉപവാക്യങ്ങള്മലയാളത്തിന്റെ വാക്യഘടനകള്

**മൊഡ്യൂൾ നാല്**

അര്ത്ഥവിജ്ഞാനീയം- അര്ത്ഥം- അര്ത്ഥഭേദങ്ങള്- അര്ത്ഥഭേദകാരണങ്ങള്.

ഭാഷാഭേദവിജ്ഞാനീയം- ഭാഷാഭേദം- ഉപഭാഷ-
ഭാഷാഭേദകാരണങ്ങള്സമഭാഷാംശസീമാരേഖ- കേന്ദ്രമേഖല- പരിവര്ത്തനമേഖല-
അവശിഷ്ടമേഖല- പരിനിഷ്ഠിതഭാഷ.

**മൊഡ്യൂള്അഞ്ച്**

ലോകഭാഷകളും ഭാഷാഗോത്രങ്ങളും- ഗോത്രവിഭജനം- കക്ഷ്യാപരം-
ഭാരതത്തിലെഭാഷാഗോത്രങ്ങള്ദ്രാവിഡഗോത്രം- മലയാളത്തിന്റെ സ്ഥാനം.

**മൊഡ്യൂൾ ആറ്.**

പാരിസ്ഥിതികഭാഷാശാസ്ത്രം(Eco Linguistics), വ്യവഹാരാപഗ്രഥനം(Doscourse Analysis),ചിഹ്നവിജ്ഞാനം(Semiotics),കോഗ്നിറ്റീവ് ലിംഗ്വിസ്റ്റിക്സ് എന്നിവയെ സംബന്ധിച്ച സാമാന്യ ധാരണ.

**സഹായഗ്രന്ഥങ്ങള്**


**1. ആധുനികഭാഷാശാസ്ത്രം – കെ.എം.പ്രഭാകരവാരിയര്**

**2. ഭാഷാഗവേഷണം – കെ.കുഞ്ചുണ്ണിരാജാ**

**3. ഭാഷാദര്ശനം – സി.ജെ.റോയ്**

**4. സ്വനവിജ്ഞാനം –വി.ആര്.പ്രബോധചന്ദ്രന്നായര്**

**5. സ്വനിമവിജ്ഞാനം –കെ.എം.പ്രഭാകരവാരിയര്**

**6. വാക്യഘടന – ഇ.വി.എന്.നമ്പൂതിരി**

**7. നോംചോംസ്കി – വേണുഗോപാലപ്പണിക്കര്**

**8. ഭാഷാഭേദവിജ്ഞാനം– പി,സോമശേഖരന്നായര്**

**9. അര്ത്ഥവിജ്ഞാനീയം –വേദബന്ധു**

**10. Course in General Linguistics,Ferdinand De Saussure,Bloomsburry,London**

**കോഴ്സ് : DKS-CC-423**

**കോഴ്സിന്റെ പേര്: കേരളപഠനം കോഴ്സ് രണ്ട്.**

**ക്രഡിറ്റ്: 4**

**കോഴ്സിന്റെ പഠനപ്രയോജനം (Course outcome)**

**സി ഒ.1.** ഭാഷ,സാഹിത്യം,തത്ത്വചിന്ത,ശാസ്ത്രം തുടങ്ങിയ മനുഷ്യധിഷണയുമായി ബന്ധപ്പെട്ട മേഖലകളിൽ നൂറ്റാണ്ടുകളായുള്ള സംഭാവനകൾ പഠിക്കുക.

**സി ഒ 2.**ജനാധിപത്യബോധവും അതിലൂടെ ജനിക്കുന്ന അവകാശസമരങ്ങളും കേരളത്തിന്റെ സാംസ്കാരികരാഷ്ട്രീയരംഗത്തുണ്ടാക്കിയ പരിണാമം പഠിക്കുക.

**സി ഒ 3.**കേരളത്തിന്റെ സാംസ്കാരികാന്തരീക്ഷത്തിന്റയും ചരിത്രത്തിന്റെയും ഭാഗമായ സംഭവങ്ങൾ,അതിനു കാരണക്കാരായ വ്യക്തികൾ, സംഘടനകൾ, പ്രസ്ഥാനങ്ങൾ എന്നിവയെക്കുറിച്ചുള്ള വസ്തുതകൾ പഠിക്കുക.

**മൊഡ്യൂൾ ഒന്ന്**

നവോത്ഥാനചലനങ്ങൾ-മിഷണറിപ്രവർത്തനങ്ങൾ-ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ സ്വാധീനത-സ്വാമി വിവേകാനന്ദൻ-ദയാനന്ദസരസ്വതി- മഹാത്മാഗാന്ധി- ഡോ. അംബേദ്ക്കർ-വൈകുണ്ഠസ്വാമികൾ-ചട്ടമ്പിസ്വാമികൾ-ശ്രീനാരായണഗുരുദേവൻ- ബ്രഹ്മാനന്ദശിവയോഗി-നിർമ്മലാനന്ദസ്വാമി-വാഗ്ഭടാനന്ദൻ-മഹാത്മാ അയ്യങ്കാളി-സഹോദരൻ അയ്യപ്പൻ-വക്കം മൌലവി-പൊയ്കയിൽ കുമാരഗുരുദേവൻ-വി ടി ഭട്ടതിരിപ്പാട്-മന്നത്തു പത്മനാഭൻ-കെ.കേളപ്പൻ-പണ്ഡിറ്റ് കെ.പി.കറുപ്പൻ-സി.കൃഷ്ണൻ-എസ് എൻ ഡി പി-യോഗക്ഷേമസഭ-സാധുപരിപാലനസംഘം-നായർ സർവീസ് സൊസൈറ്റി-മുസ്ലീം ഐക്യസംഘം- പ്രത്യക്ഷരക്ഷാദൈവസഭ.

**മൊഡ്യൂൾ രണ്ട്.**

അവകാശസമരങ്ങൾ-ജനകീയമുന്നേറ്റങ്ങൾ-മലയാളിമമ്മോറിയൽ- ഈഴവമെമ്മോറിയൽ-ചാന്നാർ ലഹള-കല്ലുമാലസമരം-മാറുമറയ്ക്കൽ സമരം-വൈക്കം,ഗുരുവായൂർ പാലിയം സത്യഗ്രഹങ്ങൾ-ക്ഷേത്രപ്രവേശനവിളംബരം-മലബാർ ലഹള-വില്ലുവണ്ടി സമരം-കർഷകസമരങ്ങൾ- പുന്നപ്രവയലാർ സമരം- കയ്യൂർ, മൊറാഴ സമരം.

**മൊഡ്യൂൾ മൂന്ന്.**

സ്വാതന്ത്ര്യ സമരവും രാഷ്ട്രീയ പ്രസ്ഥാനങ്ങളും-മഹാത്മാഗാന്ധിയുടെ നേതൃത്വം- ദേശീയ സ്വാതന്ത്ര്യ ബോധം- സാഹിത്യകാരന്മാരുടെ സംഭാവനകൾ-ഇന്ത്യൻ നാഷണൽ കോൺഗ്രസ്-തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്-ഉത്തരവാദപ്രക്ഷോഭണം- കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം-ഐക്യകേരളപ്പിറവി.

**മൊഡ്യൂൾ നാല്.**

ഗ്രന്ഥശാലാപ്രസ്ഥാനം-കേരളഗ്രന്ഥശാലാസംഘം-കേരളത്തിലെ പ്രശസ്തമായ ഗ്രന്ഥശാലകൾ-ഗ്രന്ഥശാലാപ്രവർത്തകർ-സമസ്തകേരളസാഹിത്യപരിഷത്ത്- പുരോഗമനകലാസാഹിത്യസംഘം-

സാഹിത്യപ്രവർത്തകസഹകരണസംഘം-സാംസ്കാരികസ്ഥാപനങ്ങൾ-അക്കാദമികൾ-കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്-ശാസ്ത്രസാഹിത്യ പരിഷത്ത്

**മൊഡ്യൂൾ അഞ്ച്.**

പാശ്ചാത്യവിദ്യാഭ്യാസത്തിന്റെ തുടക്കം- കേരളത്തിലെ സ്കൂളുകളുടെ പ്രാരംഭം-പാഠപുസ്തകകമ്മിറ്റി-ഗദ്യഭാഷയുടെ ആരംഭം-കലാലയങ്ങളും സർവകലാശാലകളും-വിദ്യാഭ്യാസസമ്പ്രദായത്തിലെ മാറ്റം

**മൊഡ്യൂൾ ആറ്**

കാർഷികസംസ്കാരത്തിന്റെ പരിണാമം- വ്യവസായകാലത്തിന്റെ കടന്നു വരവ്-ഗതാഗതസമ്പ്രദായത്തിലെ മാറ്റം- തോഴിലിടങ്ങളുടെ മാറ്റം- വ്യവസായശാലകളുടെ മാറ്റവും സേവനമേഖലകളുടെ വരവും- കേരളത്തിന്റെ പൊതുസംരംഭങ്ങളുടെ ഘട്ടം- സ്വകാര്യസംരംഭങ്ങളുടെ വരവ്- സാമ്പത്തിക,സാമൂഹിക,ആരോഗ്യരംഗത്തുണ്ടായ മാറ്റം- സാംസ്കാരികമായി കേരളത്തിന്റെ പരിണാമം.

സഹായഗ്രന്ഥങ്ങൾ

1.കേരളസ്വാതന്ത്ര്യസമരം-കെ.എം.പണിക്കർ
2.കേരളവും സ്വാതന്ത്ര്യസമരവും- എ. ശ്രീധരമേനോൻ
3.കേരളനവോത്ഥാനം ദിശയും ദിശാബോധവും- ഡോ.കെ.ജയപ്രസാദ്(എഡി)
4.കേരളനവോത്ഥാനം യുഗസന്തതികൾ യുഗശില്പികൾ- പി.ഗോവിന്ദപ്പിള്ള
5.കേരളനവോത്ഥാനം മതാചാര്യന്മാർ മതനിഷേധികൾ- പി.ഗോവിന്ദപ്പിള്ള.
6 അമ്മവഴി കേരളം- എം.ആർ.രാഘവവാരിയർ
7.അയ്യൻകാളി-ടി എച്ച് പി ചെന്താരശ്ശേരി.

**കോഴ്സ് : DKS-CC-424**

**കോഴ്സിന്റെ പേര്: ഭാരതീയകാവ്യമീമാംസ**

**ക്രഡിറ്റ്: 4**

**കോഴ്സിന്റെ പഠനപ്രയോജനം (Course outcome)**

**സി ഒ.1.**ഭാരതത്തിന്റെ സന്ദര്യചിന്ത സഞ്ചരിച്ചവഴികൾ, അവയുടെ മൌലികമായചിന്തകൾ പഠിക്കുക.

**സി ഒ.2.** ഭാഷ, പ്രമേയം,സാംസ്കാരം എന്നീ മേഖലകളിൽ എപ്രകാരമാണ് ഭാരതീയസൌന്ദര്യപദ്ധതി വിനിമയം ചെയ്യുന്നത് എന്നു പഠിക്കുക.

**സി ഒ .3.** സിദ്ധാന്തങ്ങളുടെ വിശകലനവും വിമർശനവും എപ്രകാരം കാലികമാക്കാമെന്ന് പഠിക്കുക.

**മൊഡ്യൂൾ ഒന്ന്.**

എഴുത്ത് സൌന്ദര്യാത്മകപ്രക്രിയ എന്ന നിലയിൽ ഭാരതം എങ്ങനെ കാണുന്നു, എഴുത്തിന്റെ പിന്നിലെ പ്രചോദനം(കവി സങ്കല്പം,കാവ്യഹേതുക്കൾ), എഴുത്തിന്റെ സവിശേഷസ്വഭാവം(കാവ്യം പരികല്പന,കാവ്യപ്രയോജനം)വായനയിലൂടെ നടക്കുന്ന വിനിമയപ്രക്രിയ(സഹൃദയസങ്കല്പം) തുടങ്ങിയകാര്യങ്ങൾ ഭാരതം എപ്രകാരം ചർച്ച ചെയ്യുന്നു

എഴുത്ത് ഒരു സാമൂഹികസാംസ്കാരികപ്രക്രിയ എന്ന നിലയിൽ ദക്ഷിണഭാരതം കണ്ടെതെങ്ങനെയാണ് എന്ന വിശകലനം, തിണസങ്കല്പത്തിന്റെ ഭൌതികാത്മകമായ സമീപനത്തിന്റെ പ്രത്യേകത.

**മൊഡ്യൂൾ രണ്ട്.**

എഴുത്തിനെ അലങ്കരിക്കുന്ന വിധം,അലങ്കാരപദ്ധതിയിൽ ഉദ്ഭടൻ,രുദ്രടൻ,ദണ്ഡി,വാമനൻ,എന്നിവരുടെ സംഭാവന,അലങ്കാരവർഗ്ഗീകരണവും, അലങ്കാരവും ഗുണവും, അലങ്കാരവും ഇമേജറിയും.

**മൊഡ്യൂൾ മൂന്ന്.**

എഴുത്തിൽ സ്വീകരിക്കേണ്ട രീതിശാസ്ത്രം-ദണ്ഡിയുടെയും വാമനന്റെയും രീതിസങ്കല്പങ്ങൾ-രീതിസങ്കല്പത്തിനുണ്ടായ മാറ്റം-രീതിയും സ്റ്റൈലും

**മൊഡ്യൂൾ നാല്**

എഴുത്തിന്റെ രചനാതലത്തിലെ വർണ്ണം മുതൽ പ്രബന്ധം വരെ വ്യാപിച്ചു നിൽക്കുന്ന ആഖ്യാനപ്രക്രിയയുടെ സൂക്ഷ്മ വശം വിശദീകരിക്കുന്ന സിദ്ധാന്തമെന്ന നിലയിലുള്ള കുന്തകദർശനവും അതിന്റെ പ്രത്യേകതയും- വക്രോക്തിയുടെ വിഭാഗങ്ങൾ-വക്രോക്തിയും ഒചിത്യവും തമ്മിലുള്ള ബന്ധം.

**മൊഡ്യൂൾ അഞ്ച്.**

വായനക്കാരുടെ അല്ലെങ്കിൽ കാഴ്ചക്കാരുടെ വീക്ഷണത്തിൽ സൌന്ദര്യമുണ്ടാകുന്നതെങ്ങനെയെന്നുള്ള വിചാരം നടത്തുന്ന ഭരതസിദ്ധാന്തം- രസസൂത്രവും വ്യാഖ്യാനഭേദങ്ങളും-രസസിദ്ധാന്തത്തിന്റെ പ്രസക്തി.

**മൊഡ്യൂൾ ആറ്**

എഴുത്തിന്റെ അടിത്തറയായ ശബ്ദം സൌന്ദര്യജനകമാകുന്നതിന് എത്രമാത്രം ഉപകരിക്കുമെന്ന് വിശദീകരിക്കുന്ന ആന്ദവർദ്ധനന്റെ ധ്വനിസങ്കല്പം-ശബ്ദവ്യാപാരങ്ങൾ-ധ്വനിവിഭജനം-സാംസ്കാരികപ്രക്രിയ എന്ന നിലയിൽ ധ്വനിയുടെ വർത്തമാനകാല പ്രസക്തി.

സഹായഗ്രന്ഥങ്ങൾ

1.ഭാരതീയകാവ്യശാസ്ത്രം- ഡോ.ടി.ഭാസ്കരൻ.കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്

2.ഇന്ത്യൻ സാഹിത്യസിദ്ധാന്തം പ്രസക്തിയും സാധ്യതയും- അയ്യപ്പപ്പണിക്കർ,കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്

3.പൌരസ്ത്യസാഹിത്യ ദർശനം- എം എസ് മേനോൻ പൂർണ്ണപബ്ലിക്കേഷൻസ്.

4.ധ്വന്യാലോകം(വിവ) സിവി വാസുദേവഭട്ടതിരി,കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്

5.സാഹിത്യഭൂഷണം- മാരാർ,എൻ ബി എസ്.

**സെമസ്റ്റർ മൂന്ന്.**

**കോഴ്സ് : DKS-CC-431**

**കോഴ്സിന്റെ പേര്: മലയാളകവിത.**

**ക്രഡിറ്റ്: 4**

**കോഴ്സിന്റെ പഠനപ്രയോജനം (Course outcome)**

**സി ഒ.1. ഇരുപതാം നൂറ്റാണ്ടിൽ മലയാളകവിതയ്ക്കു വന്ന മാറ്റങ്ങൾ പഠിക്കുക.**

**സി ഒ.2. കവിതയിലുണ്ടായ മാറ്റത്തിലൂടെ വായനാലോകത്തും സൌന്ദര്യബോധത്തിലും വന്ന പരിണാമം പഠിക്കുക.**

**പഠനലക്ഷ്യം (Aim of the Course)**

**മൊഡ്യൂൾ ഒന്ന്.**

കാല്പനികതയുടെ പ്രാരംഭം എന്ന നിലയിൽ മലയാളകവിതയിൽ ഇരുപതാം നൂറ്റാണ്ടിലുണ്ടായ കാവ്യചലനങ്ങൾ- അതിന്റെ സ്വഭാവവിശകലനം- പ്രധാനപ്പെട്ട എഴുത്തുകാർ

1.ഒരു വിലാപം-വി സി ബാലകൃഷ്ണപ്പണിക്കർ

2.വീണപൂവ്- കുമാരനാശാൻ

3.എന്റെ ഗുരുനാഥൻ- വള്ളത്തോൾ

4.പ്രേമസംഗീതം- ഉള്ളൂർ

**മൊഡ്യൂൾ രണ്ട്.**

കാല്പനികതിയിൽ വന്ന പരിണാമം വിശകലനം - ഭാഷയിലും പ്രമേയസ്വീകരണത്തിലും വന്ന പരിണാമങ്ങൾ.

1.മണിനാദം-ഇടപ്പള്ളി

2.കളിയച്ഛൻ-പി.കുഞ്ഞിരാമൻ നായർ

3.സഹ്യന്റെ മകൻ- വൈലോപ്പിള്ളി ശ്രീധരമേനോൻ

4.സുഫല- ഒളപ്പമണ്ണ.

**മൊഡ്യൂൾ മൂന്ന്.**

കവിതയും  സാമൂഹികപ്രതിജ്ഞാബദ്ധതയും- പ്രധാനപ്പെട്ട എഴുത്തുകാർ-പില്ക്കാലത്തു  വന്ന മാറ്റം.

1.കുചേലൻ കുഞ്ഞൻ നായർ- വയലാർ രാമവർമ്മ

2.വയലാർ ഗർജ്ജിക്കുന്നു-പി.ഭാസ്കരൻ

3.നെല്ലുകുത്തുകാരി പാറുവിന്റെ കഥ-ഇടശ്ശേരി ഗോവിന്ദൻ നായർ

**മൊഡ്യൂൾ നാല്.**

കാല്പനികതയും സാമൂഹികപ്രതിജ്ഞാബദ്ധതയും ഒത്തുപോകുന്നഘട്ടം

1.ഭൂമിക്കൊരു ചരമഗീതം- ഒ എൻ വി കുറുപ്പ്

2.അമ്പലമണി- സുഗതകുമാരി

3.ഉജ്ജയിനിയിലെ രാപ്പകലുകൾ-വിഷ്ണുനാരായണൻ നമ്പൂതിരി

**മൊഡ്യൂൾ അഞ്ച്**

ആധുനികത എന്ന പ്രസ്ഥാനം- സ്വവിശേഷതകൾ-അയ്യപ്പത്ത്,അയ്യപ്പപ്പണിക്കർ,ആറ്റൂർ,സച്ചിദാനന്ദൻ, കെജി ശങ്കരപ്പിള്ള,എ അയ്യപ്പൻ,ബാലചന്ദ്രൻ ചുള്ളിക്കാട്, ദേശമംഗലം രാമകൃഷ്ണൻ,വിനയചന്ദ്രൻ,തുടങ്ങിയ കവികളുടെ കാവ്യരചനാസ്വഭാവം സാമാന്യമായി പഠിക്കുക

1. കുരുക്ഷേത്രം- അയ്യപ്പപ്പണിക്കർ
2.എവിടെ ജോൺ- ബാലചന്ദ്രൻ ചുള്ളിക്കാട്.

**മൊഡ്യൂൾ ആറ്.**

മലയാളകവിതയുടെ പുതിയകാലം, ദളിത് സ്ത്രീ പരിസ്ഥിതി അവബോധം ശക്തമാകുന്ന ഘട്ടം, എഴുത്തുകാരെ സാമാന്യമായി പരിചയപ്പെടുക.

1.മച്ചാൻ മന്നാനാണ്- എം ബി മനോജ്
2.സി വി വിജയം- എൽ തോമസ് കുട്ടി
3.കൊണ്ടാട്ടം- ഗിരിജ പി പതേക്കര

സഹായഗ്രന്ഥങ്ങൾ

1.മലയാളകവിതാസാഹിത്യചരിത്രം- ഡോ.എം ലീലാവതി,കേരളസാഹിത്യ അക്കാദമി.
2.കാല്പനികത-ബി.ഹൃദയകുമാരി,മാതൃഭൂമി ബുക്സ്.
3.കവിയും കവിതയും - പി നാരായണക്കുറുപ്പ്, സാഹിത്യപ്രവർത്തകസഹകരണസംഘം.
4.100 വർഷം 100 കവിത- ഡോ.പി.കെ.രാജശേഖരൻ,ഡിസിബുക്സ്
5.ആധുനികത മലയാളകവിതയിൽ-എൻ അജയകുമാർ,എസ് പി സി എസ്,കോട്ടയം
6.മലയാളകവിത ആധുനികാനന്തരം- ഡോ.സി.ആർ.പ്രസാദ്.

**കോഴ്സ് : DKS-CC-432**

**കോഴ്സിന്റെ പേര്: മാധ്യമചരിത്രം.**

**ക്രഡിറ്റ്: 4**

**കോഴ്സിന്റെ പഠനപ്രയോജനം (Course outcome)**

**സി ഒ 1. കേരളത്തിലെ മാധ്യമങ്ങളുടെ ചരിത്രം സാമാന്യമായി പഠിക്കുക.**

**സി ഒ.2. അച്ചടിദൃശ്യനവമാധ്യമങ്ങളെക്കുറിച്ചുണ്ടായിട്ടുള്ള ചരിത്രം വിശദമായി പഠിക്കുക.**

**മൊഡ്യൂൾ ഒന്ന്.**

വിനിമയം-വിനിമയരീതികൾ-അച്ചടിയുടെ കണ്ടുപിടുത്തം- അച്ചടിയും സാക്ഷരതയും-മാർഷൽ മക് ലൂഹന്റെ അപഗോത്രവൽക്കരണം എന്ന സിദ്ധാന്തം-പത്രപ്രവർത്തനം ഇന്ത്യയിൽ-പത്രങ്ങളും സ്വാതന്ത്ര്യസമരവും.

**മൊഡ്യൂൾ രണ്ട്.**

കേരളത്തിന്റെ ആദ്യകാലപത്രപവർത്തകർ-പത്രങ്ങൾ-മിഷണറിമാരുടെ സംഭാവന-ആദ്യകാലമാസികകൾ-പത്രങ്ങളും മാസികകളും നടത്തിയ സാംസ്കാരികപ്രവർത്തനം-സ്വാതന്ത്ര്യ സമരവും മലയാളപത്രങ്ങളും

**മൊഡ്യൂൾ മൂന്ന്**

പത്രങ്ങൾ സ്വാതന്ത്ര്യാനന്തരം-വിപണിയും പത്രങ്ങളും-സമ്മിതിയുടെ നിർമ്മിതി എന്ന പരികല്പന,രാഷ്ട്രീയപാർട്ടികളുടെ മുഖപത്രങ്ങൾ,സമാന്തരപ്രസിദ്ധീകരണങ്ങൾ,ലിറ്റിൽ മാഗസിനുകൾ

മൊഡ്യൂൾ നാല്.

വാമൊഴി മാധ്യമം-ശബ്ദപ്രക്ഷേപണം പ്രാരംഭം-റേഡിയോ ഉല്പത്തി വിവിധങ്ങളായ റേഡിയോ നെറ്റ് വർക്കുകൾ,ഇന്ത്യയിലെ ആദ്യത്തെ പ്രക്ഷേപണം-ഇന്ത്യൻ ബ്രോഡ്കാസ്റ്റിംഗ് കമ്പിനി-ആകാശവാണി-ടാഗ്ഗറിന്റെ സംഭാവന-എഫ് എം റേഡിയോ-ഹാം റേഡിയോ

**മൊഡ്യൂൾ അഞ്ച്.**

ടെലിവിഷന്റെ ഉല്പത്തി-ടെലിവിഷൻ ഇന്ത്യയിൽ-ദൂരദർശൻ-പിടിഐ ടെലിവിഷൻ-ഉപഗ്രഹസംപ്രേക്ഷണം-ടെലിവിഷനും സ്വകാര്യമേഖലയും-ആദ്യസ്വകാര്യ മലയാളം ചാനൽ- ചാനലും കമ്പോളവും-ദൃശ്യപരിപാടികളും കമ്പോളനിയന്ത്രണവും-രാഷ്ട്രീയപാർട്ടികളുടെ ചാനലുകൾ-പത്രസ്ഥാപനങ്ങളുടെ ചാനലുകൾ-വാർത്താവതരണവും വിശകലനവും- മലയാളന്യൂസ്ചാനലുകൾ

**മൊഡ്യൂൾ ആറ്**

നവമാധ്യമങ്ങൾ-മൊബൈൽഫോണും വാർത്താവിതരണവും- വാട്സാ ആപ്-ടെലിഗ്രാം-ഫെയ്സ്ബുക് ട്വീറ്റർ,തുടങ്ങിയ മാധ്യമങ്ങൾ- വാർത്തയും സ്വാകാര്യതയും- വാർത്താനിർമ്മാണവും വിതരണവും നവമാധ്യമങ്ങളും.

**കോഴ്സ്: DKS-CC-433**

**കോഴ്സിന്റെ പേര്: പാശ്ചാത്യകാവ്യമീമാംസ**

**ക്രഡിറ്റ്: 4**

**കോഴ്സിന്റെ പഠനപ്രയോജനം (Course outcome)**

**സി ഒ.1.സൌന്ദര്യസിദ്ധാന്ത രംഗത്ത് പാശ്ചാത്യചിന്തകരുടേതായി ലഭിച്ച സംഭാവനകൾ പഠിക്കുക.**

**സി ഒ. 2.സിദ്ധാന്തങ്ങളുടെ സാധ്യത കേരളീയ അവസ്ഥയിൽ സാധ്യമാണോ എന്ന് പഠിക്കുക.**

**സി ഒ.3. മലയാളസാഹിത്യസാമൂഹികരംഗത്ത് ഈ സിദ്ധാന്തങ്ങലുടെ പ്രയോഗം പഠിക്കുക.**

**മൊഡ്യൂൾ ഒന്ന്.**

അനുകരണവും കലയും- പ്ലേറ്റോയും ആദർശാത്മകതയും-പ്ലേറ്റോയുടെ റിപ്പബ്ലിക്കും കവിയും- അരിസ്റ്റോട്ടിലിന്റെ അനുകരണസിദ്ധാന്തം- നാടകവും കഥാർസിസും-ദുരന്തനിർവചനം- ആറുഘടകങ്ങൾ-ഇതിവൃത്ത വൈവിധ്യം.

**മൊഡ്യൂൾ** രണ്ട്.

ഹോരസും കാവ്യവൃത്തിയും-ദാന്തെയും അലിഗറിയും-ലോംഞ്ജിനസും ഉദാത്തതയും-കോൾറിഡ്ജും വേഡ്സവർത്തും കാല്പനികതയും-ക്രൊച്ചെയും അന്തർജ്ഞാനവും

**മൊഡ്യൂൾ മൂന്ന്.**

മനശ്ശാസ്ത്രസിദ്ധാന്തങ്ങൾ-ഫ്രോയ്ഡിന്റെ സ്വപ്നവ്യാഖ്യാനവും സാഹിത്യസമീപനവും-ലക്കാന്റെ ഭാഷാബോധത്തെയും മനോഘടനയെയും സംബന്ധിച്ച നിരീക്ഷണങ്ങൾ- സാഹിത്യവുമായുള്ള ബന്ധം

**മൊഡ്യൂൾ നാല്**

ഘടനാവാദം-സസ്സൂറിന്റെ പരികല്പനകൾ- എഴുത്ത് എഴുത്തുകാരൻ വായനക്കാരൻ എന്നിവരെ സംബന്ധിച്ച ബാർത്തിന്റെ നിരീക്ഷണം-ഉമ്പർട്ടോഎക്കോയും ചിഹ്നവിജ്ഞാനീയവും.

**മൊഡ്യൂൾ അഞ്ച്.**

മാർക്സിയൻ സമീപനം- അന്തോണിയോഗ്രാംഷി-ലൂയി അൾത്തുസർ-ടെറി ഈഗിൾടൺ കോളനീയാനന്തരവാദം-പൌരസ്ത്യവാദം.

**മൊഡ്യൂൾ ആറ്**

പാരിസ്ഥിതിക വിമർശനം-സ്ത്രീവാദം-ദളിത് വാദം എന്നീ വാദങ്ങളും അവയുടെ കേരളീയസാംസ്കാരികസാഹചര്യത്തിലെ പ്രസക്തിയും.

സഹായഗ്രന്ഥങ്ങൾ

1.പാശ്ചാത്യസാഹിത്യതത്വശാസ്ത്രം- ഡോ.കെ എം തരകൻ,എസ് പി സി എസ് ,കോട്ടയം.

2.പാശ്ചാത്യസാഹിത്യദർശനം-എം അച്യുതൻ, ഡി സി ബുക്സ്, കോട്ടയം

3.വിശ്വസാഹിത്യദർശനങ്ങൾ-നെല്ലിക്കൽ മുരളീധരൻ,ഡി സി ബുക്സ്,കോട്ടയം

4.നവസാഹിത്യസിദ്ധാന്തങ്ങൾ-വ്യാഴവട്ടം കൂട്ടായ്മ.

5.സ്ത്രീവാദം-ജെ ദേവിക,ഡി സി ബുക്സ് , കോട്ടയം.

**കോഴ്സ്: DKS-CC-434**

**കോഴ്സിന്റെ പേര്: മലയാളനിരൂപണം**

**ക്രഡിറ്റ്: 4**

**കോഴ്സിന്റെ പഠനപ്രയോജനം (Course outcome)**

**സിഒ.1.മലയാളനിരൂപണത്തിന്റെ ഉദയവികാസങ്ങളും വർത്തമാനകാലാവസ്ഥയും പഠിക്കുക.**

**സിഒ.2. പാശ്ചാത്യപൌരസ്ത്യസിദ്ധാന്തങ്ങൾ എപ്രകാരമാണ് മലയാളനിരൂപണത്തെ സ്വാധീനിച്ചതെന്നു പഠിക്കുക.**

**സിഒ.3. തനിമയാർന്ന നിരൂപണപദ്ധതി മലയാളത്തിനുണ്ടായിട്ടുണ്ടോ എന്നു പഠിക്കുക.**

**സിഒ.4.മലയാളനിരൂപണത്തിന്റെ ഓരോഘട്ടത്തെയും പ്രതിനിധീകരിക്കുന്ന നിരൂപകരെ സവിശേഷമായി പഠിക്കുക.**

**മൊഡ്യൂൾ ഒന്ന്**

മലയാളനിരൂപണത്തിന്റെ ആദ്യഘട്ടം-ആദ്യകാലപത്രമാസികകൾ-
കേരളവർമ്മ,സി.പി.അച്യുതമേനോൻ,എ ആർ രാജരാജവർമ്മ,സ്വദേശാഭിമാനി തുടങ്ങിയ ആദ്യകാലനിരൂപകരുടെ നിലപാടുകളും നിരീക്ഷണങ്ങളും.

**മൊഡ്യൂൾ രണ്ട്.**

എം.പി.പോൾ,കേസരിബാലകൃഷ്ണപിള്ള,മുണ്ടശ്ശേരി,കുട്ടിക്കൃഷ്ണമാരാർ തുടങ്ങിയവരുടെ നിലപാടുകളും നിരീക്ഷണരീതികളും വിശകലനം ചെയ്യുക

**മൊഡ്യൂൾ മൂന്ന്**

മലയാളത്തിലെ മാർക്സിയൻ വിമർശനത്തിന്റെ ചലനങ്ങൾ-ഇ എം എസ്, തായാട്ട് ശങ്കരൻ, പി.ഗോവിന്ദപ്പിള്ള എന്നിവരുടെ വിമർശനരീതി.

**മൊഡ്യൂൾ നാല്**

ആധുനികവിമർശനം-കെ.പി.അപ്പൻ,വി.രാജകൃഷ്ണൻ,നരേന്ദ്രപ്രസാദ്,ആഷാമേനോൻ എന്നീവിമർശകരുടെ സമീപനപദ്ധതി

**മൊഡ്യൂൾ അഞ്ച്.**

ആധുനികാനന്തരവിമർശനപദ്ധതി-പി.കെ.രാജശേഖരൻ,പി.പവിത്രൻ,സുനിൽ പി ഇളയിടം,ആർ.പി.ആസാദ് എന്നിവരുടെ വിമർശനരീതികൾ

**മൊഡ്യൂൾ ആറ്**

നിരൂപണത്തിന്റെ വർത്തമാനം-മലയാളനിരൂപണത്തിന് ആധുനികതയ്ക്കു ശേഷം വന്ന പരിണാമം-എഴുത്തുകാർ,രചനകൾ എന്നതിൽ നിന്നുമാറി ചിലപ്രവണതകൾ അടയാളപ്പെടുത്തുന്ന എന്നരീതിയിലുള്ള നിരൂപണപദ്ധതി.

സഹായഗ്രന്ഥങ്ങൾ.

1.സി.പി.അച്യുതമേനോന്റെ സാഹിത്യവിമർശനം- (എഡി)ഡോ.ടി.പി.സുകുമാരൻ
2.മലയാളസാഹിത്യവിമർശനം- ഡോ.പി.വി.വേലായുധൻ പിള്ള
3.കുട്ടിക്കൃഷ്ണ മാരാരുടെ സൌന്ദര്യദർശനം- ഡോ.പി.എസ്.രാധാകൃഷ്ണൻ
4.നിരൂപകനായ കേസരി-ഡോ.ടി.പി.സുകുമാരൻ
5.കേരളത്തിലെ പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ ചരിത്രം-എം.ആർ.ചന്ദ്രശേഖരൻ
6.ഫെമിനിസം ചരിത്രപരമായ അന്വേഷണം-ഡോ.എം ലീലാവതി.
7.ആധുനികസാഹിത്യദർശനങ്ങൾ-കെ.എം.തരകൻ
8.വായനയുടെ ദളിത് പാഠം- കെ.കെ.കൊച്ച്
9.ഹരിതനിരൂപണം മലയാളത്തിൽ-ജി.മധുസൂദനൻ.

**കോഴ്സ്: DKS-CC-441**

**കോഴ്സിന്റെ പേര്: മലയാളനാടകം**

**ക്രഡിറ്റ്: 4**

**കോഴ്സിന്റെ പഠനപ്രയോജനം (Course outcome)**

**സിഒ.1.മലയാളനാടകത്തിന്റെ പരിണാമവും വർത്തമാനകാലാവസ്ഥയും പഠിക്കുക.**

**സിഒ.2.മലയാളിയുടെ സാംസ്കാരികപശ്ചാത്തലത്തെ സ്വാധീനിക്കുന്നതിൽ നാടകം വഹിച്ച പങ്ക് പഠിക്കുക**

**സിഒ.3.മലയാളനാടകത്തിന്റ വിവിധകാലഘട്ടങ്ങളെ പ്രതിനിധീകരിക്കുന്ന രചനകളും കാലഘട്ടസ്വഭാവങ്ങളും പഠിക്കുക.**

**മൊഡ്യൂൾ ഒന്ന്**

നാടകം എന്ന ജനുസ്സ്- മറ്റ് സാഹിത്യകലാരൂപങ്ങളിൽ നിന്ന് നാടകത്തിനുള്ള വ്യത്യാസം- രംഗകലയെന്നനിലയിലും സാഹിത്യരൂപമെന്നനിലയിലും നാടകത്തിന്റെ രണ്ടു സാധ്യതകളെക്കുറിച്ചുള്ള വിശകലനം-പ്രാചീന നാടകസമീപനങ്ങൾ

**മൊഡ്യൂൾ രണ്ട്.**

ഗ്രീക്ക് നാടകപാരമ്പര്യം- നാടകത്തെ അടിസ്ഥാനമാക്കി ഗ്രീസിലുണ്ടായ ആദ്യകാലസിദ്ധാന്തം- സംസ്കൃതനാടകപാമ്പര്യം-കേരളീയനാടകപാരമ്പര്യം-നാടോടിനാടകങ്ങൾ-കാർഷികരംഗവുമായി ബന്ധപ്പെട്ട നാടകങ്ങൾ

**മൊഡ്യൂൾ മൂന്ന്**

കേരളത്തിന്റെ ആദ്യകാലനാടകവിവർത്തനങ്ങൾ- സംഗീതനാടകങ്ങൾ-പ്രഹസനങ്ങൾ- സി.വി.രാമൻപിള്ള,ഇ. വി കൃഷ്ണപിള്ള എന്നിവരുടെ പ്രഹസനങ്ങൾ-സാംസ്കാരികഇടപെടൽ എന്നനിലയിൽ പ്രഹസനങ്ങൾ വഹിച്ച പങ്ക്.

**മൊഡ്യൂൾ നാല്**

രാഷ്ട്രീയനാടകങ്ങളും ദാർശിനികനാടകങ്ങളും കേരളീയസാംസ്കാരിക ചുറ്റുപാടിൽ-അരങ്ങും നാടകസാഹിത്യവും പൊതുഇടങ്ങളിൽ പ്രസക്തമാകുന്ന കാലഘട്ടം- ജനതയുടെ ജീവിതവീക്ഷണത്തിൽ അരങ്ങ് നടത്തിയ ഇടപെടലുകൾ- വി.ടി ഭട്ടതിരിപ്പാട്, തോപ്പിൽഭാസി, പുളിമാനപരമേശ്വരൻപിള്ള എന്നിവരുടെ സംഭാവനകൾ

**മൊഡ്യൂൾ അഞ്ച്**

മലയാളിയുടെ നാടകബോധത്തിൽ വന്ന വ്യതിയാനം- ആധുനികതയുടെ കടന്നു വരവ്- നാടകക്കളരികളുടെ സംഭാവന- തനതുനാടകവേദികൾ-സി.ജെ.തോമസ്,എൻ.കൃഷ്ണപിള്ള,കാവാലം നാരായണപ്പണിക്കർ-ജി.ശങ്കരപ്പിള്ള എന്നിവരടെ സംഭാവനകൾ

**മൊഡ്യൂൾ ആറ്**

മലയാളനാടകത്തിന്റെ വർത്തമാനകാലം- നാടകം സംവാദാത്മകമാകുന്ന അവസ്ഥ-സ്ത്രീനാടകവേദി- പരിസ്ഥിതിനാടകബോധം - നാടകത്തിലെ ഉത്തരാധുനികപ്രവണതകൾ.

സഹായഗ്രന്ഥങ്ങൾ

1.മലയാളനാടകസാഹിത്യചരിത്രം-ജി.ശങ്കരപ്പിള്ള,കേരളസാഹിത്യഅക്കാദമി

2.മലയാളനാടകസാഹിത്യചരിത്രം- വയലാ വാസുദേവൻപിള്ള,കേരളസാഹിത്യഅക്കാദമി.

3.പെണ്ണരങ്ങ്-ആർ.ബി.രാജലക്ഷ്മി,പ്രിയാനായർ(എഡി),സമത.

4.അരങ്ങിലെ ആധുനികീകരണം-സീമാജെറോ,രചനബുക്സ്

5.നാടകം അന്വേഷണവും അപഗ്രഥനവും- (എഡി)രാജാവാര്യർ,കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

**കോഴ്സ്: DKS-CC-442**

**കോഴ്സിന്റെ പേര്: മാധ്യമം:പ്രയോഗതലം**

**ക്രഡിറ്റ്: 4**

**കോഴ്സിന്റെ പഠനപ്രയോജനം (Course outcome)**

**സിഒ.1.വിവരശേഖരണം,വാർത്താസംയോജനം,വിന്യാസം,ഭാഷ,രൂപകല്പന,എന്നീ മാധ്യമനിർമ്മിതി ഘടകങ്ങൾ പഠിക്കുക.**

**സിഒ.2.ഭാഷയിലെ മാധ്യമങ്ങൾ ഉദാഹരണമായി എടുത്തു പഠിക്കുക.**

**മൊഡ്യൂൾ ഒന്ന്.**

അച്ചടിവാർത്ത,ശ്രവ്യവാർത്ത, ദൃശ്യവാർത്ത എന്നിവയുടെ താരതമ്യം-വാർത്തയുടെ വിവിധ ശ്രോതസ്സുകൾ-മാധ്യമനയം-ലേഖകരുടെ കടമകളും ഉത്തരവാദിത്തങ്ങളും-ശൈലീപുസ്തകം(Style Sheet)-വാർത്ത എഴുത്തിന്റെ രീതി-വാമൊഴി വരമൊഴി സാധ്യതകൾ

**മൊഡ്യൂൾ രണ്ട്.**

വാർത്തയും ഫീച്ചറും-മുഖപ്രസംഗം-വാർത്തകളുടെ വർഗ്ഗീകരണം-കോളങ്ങൾ-ബൈലൈൻ-വാർത്തയുടെ തത്സമയസ്വഭാവം-ബൈറ്റുകൾ-ഫുട്ടേജുകൾ-ന്യൂസ് സ്റ്റോറികൾ-ചർച്ചകൾ-സ്റ്റിംഗ് ഓപ്പറേഷൻ-സൈനിംഗ് ഓഫ്-ദൃശ്യാഭിമുഖം.

**മൊഡ്യൂൾ മൂന്ന്**

വാർത്താസംയോജനം-നിലപ്പെൻസിൽ സങ്കല്പം-പലതരം എഡിറ്റർമാർ- കടമകളും ഉത്തരവാദിത്തങ്ങളും-വാർത്താസംയോജനത്തിന്റെ തത്ത്വങ്ങൾ-വാർത്താമൂല്യം-തലക്കെട്ടുകളുടെ പ്രാധാന്യം-വാർത്തയുടെ വ്യക്തത,സൂക്ഷ്മത, വസ്തുനിഷ്ഠത,നൈതികത

**മൊഡ്യൂൾ നാല്**

കോപ്പിഎഡിറ്റിംഗ്-പ്രൂഫ്റീഡിംഗ്-പേജ് ലേഔട്ട്-ബോക്സ് ഇനങ്ങൾ-ചിത്രങ്ങൾ,ഗ്രാഫുകൾ,കാർട്ടൂണുകൾ എന്നിവയുടെ വിന്യാസം-ടെലിപ്രോമ്പ്റ്ററിൽ വായിക്കാനുള്ള വാർത്തകളുടെ ക്രമീകരണം-വാർത്താധിഷ്ഠിത പരിപാടുകളുടെ ദൃശ്യഘടന-ദൃശ്യഭാഷ-തത്സമയ വാർത്തകളുടെ ന്യൂസ് റൂം സംവിധാനം.

**മൊഡ്യൂൾ അഞ്ച്**

ഓൺലൈൻ വാർത്താവിതരണം- വിവരശേഖരണം-വാർത്തയുടെ സംയോജനം-മാധ്യമത്തിന്റെ സവിശേഷത-ഭാഷ-വിവിധ ഓൺലൈൻ മാധ്യമങ്ങൾ-ഓൺ ലൈൻ ന്യൂസ് പോർട്ടൽ-ഓൺ ലൈൻ മാധ്യമ സംവിധാനങ്ങൾ-ഭാഷാകമ്പ്യൂട്ടിങ്.

വാർത്താവിനിമയത്തിൽ ഭാഷയ്ക്കും പരിഭാഷയ്ക്കുമുള്ള പ്രാധാന്യം-ഭാഷാവ്യാകരണശുദ്ധി-വാർത്താ ഏജൻസികൾ-പരിഭാഷ- പരിഭാഷാതത്വങ്ങൾ-വിവർത്തനോപരണങ്ങൾ-നിഘണ്ടുക്കൾ,ശബ്ദകോശങ്ങൾ,തെസാറസ്,ശൈലീപുസ്തകം- വാർത്താവിതരണത്തിലെ ഓൺലൈൻ സാധ്യതകൾ.

**മൊഡ്യൂൾ ആറ്.**

നവമാധ്യമം-സവിശേഷതകൾ-സൈബർസ്പേസ്-പ്രതീതിയാഥാർത്ഥ്യം(Virtual Reality),വെർച്ച്വൽ കമ്മ്യൂണിറ്റി-ബ്ലോഗുകൾ-അച്ചടിദൃശ്യമാധ്യമങ്ങളുടെ ഓൺലൈൻ സൈറ്റുകൾ-സ്വതന്ത്രന്യൂസ് പോർട്ടലുകൾ-സ്മാർട്ടഫോൺ സാങ്കേതികതയിലുണ്ടായ കുതിച്ചു ചാട്ടം-സമൂഹമാധ്യമങ്ങളുടെ കടന്നുവരവ്-നെറ്റിസൺ ജേർണലിസം-ട്രോളുകൾ- വാക്കുകൾക്കു പകരം വരുന്ന ചിഹ്നങ്ങൾ-സ്മൈലികൾ.

**കോഴ്സ്: DKS-DE-443**

**കോഴ്സിന്റെ പേര്: ഭാഷാഘടനയും ദാർശനികാവബോധങ്ങളും.**

**ക്രഡിറ്റ്: 2**

**കോഴ്സിന്റെ പഠനപ്രയോജനം (Course outcome)**

**സിഒ.1. ഭാഷാപഠനം യാന്ത്രികമായ ഒന്നും സിദ്ധാന്തപഠനം ജൈവികമായ ഒന്നുമാണെന്ന സാധരണചിന്തയിൽ നിന്ന് മാറി ഭാഷയും ദാർശനികതലങ്ങളും തമ്മിലുള്ള ബന്ധംപഠിക്കുക.**

**സിഒ.2. വ്യാകരണപഠനം നിർജ്ജീവമായ ഘടനാപഠനമാണെന്ന തെറ്റായ ധാരണയിൽ നിന്നുമാറി മനുഷ്യജ്ഞാനത്തിന്റെ സമസ്തമേഖലകളെയും നിയന്ത്രിക്കുന്നത് ഭാഷയാണെന്നും അതിന്റെ സാധ്യതാപഠനത്തിന് ഏതൊരു കാലത്തും പ്രസക്തിയുണ്ടെന്നും പഠിക്കുക.**

**സിഒ.3.ഘടനയെയും അതിന്റെ സാധ്യതകളെയും വിശദമാക്കി ദാർശനികതലത്തിന് അതുമായുള്ള ബന്ധം പഠിക്കുക.**

**മൊഡ്യൂൾ ഒന്ന്.**

ഭാഷ–നിർവചനം-സവിശേഷതകൾ -ദ്വിത്വഘടന(Dualily)-സർഗാത്മകത(Productivity)-നിർയുക്തികത(Arbitrariness)-പരസ്പരാദേശക്ഷമത(Interchangeability)-അസന്നിഹിതത്വം(Displacement)

**മൊഡ്യൂൾ രണ്ട്.**

പദത്തിന് അർത്ഥം,പര്യായപദം,നാനാർത്ഥം തുടങ്ങിയവയുമായുള്ള ബന്ധം-പദവും സങ്കല്പനവും-വാക്യവും ആശയവും-വാക്യത്തിന്റെ ആശയത്തിന് പദസ്ഥാനം നൽകുന്ന അർത്ഥവ്യതിയാനങ്ങൾ.

**മൊഡ്യൂൾ മൂന്ന്.**

ഭാഷയുടെ സാംസ്കാരികസൂചനകൾ-ഭാഷയും അധികാരവും- സാമൂഹികസ്ഥാനം അടയാളപ്പെടുത്തുന്ന ചിഹ്നമെന്ന നിലയില്ഭാഷയുടെ സ്ഥാനം-ഭാഷയും പരിസ്ഥിതിയും- പാരിസ്ഥിതിക ഘടകങ്ങള്ഭാഷയില്നടത്തുന്ന ഇടപെടലുകള്പാരിസ്ഥിതകഭാഷാശാസ്ത്രത്തിന്റെ നിലപാടുകള്

**മൊഡ്യൂള്നാല്.**

ഭാരതീയഭാഷാപഠനത്തിന്റെ മൂന്നുവഴികള്ഘടനാപഠനം- ദാര്ശനികതലം-സൗന്ദര്യതലം- ഭാഷാപദവും അര്ത്ഥവും തമ്മിലുള്ള ബന്ധത്തെപ്പറ്റി പതഞ്ജലിയുടെ നിരീക്ഷണം-ഭര്തൃഹരിയുടെ വൈഖരി,മദ്ധ്യമോ, പശ്യന്തി എന്നിങ്ങനെയുള്ള വിഭജനം- ആകാംക്ഷ,യോഗ്യത,സന്നിധി എന്നീ പരികല്പനകള്സപീര്വോര്ഫ് സിദ്ധാന്തം- ആധുനികഭാഷാശാസ്ത്രത്തില്ഭാഷാപഠത്തിലുണ്ടായ മാറ്റം-സസ്സൂറിന്റെ ഭാഷാസങ്കല്പം- ലാങ് പരോള്ചോംസ്കിയന്വാക്യ സങ്കല്പം- ഉപരിഘടനയും(Surface Structure)ആന്തരഘടനയും (Deep Structure)

സഹായഗ്രന്ഥങ്ങൾ

1. Indian Theories of Meaning,K.K.Kunjunni Raja.

2. ഭാരതീയ കാവ്യമീമാംസ - ഡോ.കെ.സുകുമാരപിള്ള
3. ഭാരതീയകാവ്യശാസ്ത്രം - ഡോ.ടി.ഭാസ്കരന്
4. ധ്വന്യാലോകം (വിവ)- ഇ.വി.ദാമോദരന്
5. പാശ്ചാത്യ സാഹിത്യദര്ശനം- എം. അച്യുതന്
6. പാശ്ചാത്യസാഹിത്യതത്ത്വശാസ്ത്രം - കെ.എം.തരകന്
7. The Eco Linguistics reader(ed), AlwinFill & Peter Mullhausler.
8. ഭാഷയും ഭാവനയും പ്രതിരോധത്തിന്റെ അടയാളങ്ങള്- ഡോ.സി.ആര്.പ്രസാദ്.
9. തൊല്ക്കാപ്പിയം (വ്യാഖ്യാനം)- ഇളയപെരുമാള്